# മഹാത്മാഗാന്ധി സർവ്വകലാശാല

## 2021 മാർച്ച് 27-ാം തീയതി രാവിലെ 10.00 മണിക്ക് സർവ്വകലാശാലാ സെനറ്റ് ഹാളിൽ കൂടിയ സെനറ്റ് വാർഷിക യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

സ്ഥലം: സെനറ്റ് ഹാൾ, ഭരണവിഭാഗം ബ്ലോക്ക്, മഹാത്മാഗാന്ധി സർവ്വകലാശാല,
പ്രിയദർശിനി ഹിൽസ്, അതിരമ്പുഴ, കോട്ടയം-686 560.

**2021 മാർച്ച് 27–ാം തീയതി രാവിലെ 10.00 മണിക്ക് സർവ്വകലാശാലാ സെനറ്റ് ഹാളിൽ കൂടിയ സെനറ്റ് വാർഷിക യോഗത്തിന്റെ നടപടിക്കുറിപ്പുകൾ**

**<u>പങ്കെടുത്തവർ</u>**

1. പ്രൊഫ. (ഡോ.) സാബു തോമസ്, വൈസ് ചാൻസലർ (അദ്ധ്യക്ഷൻ)
2. പ്രൊഫ. (ഡോ.) സി.റ്റി. അരവിന്ദകുമാർ, പ്രൊ - വൈസ് ചാൻസലർ
3. ഡോ. പി.എസ്. സുകുമാരൻ, സിൻഡിക്കേറ്റ് അംഗം
4. പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം
5. ഡോ. സുധാകരൻ കെ.എം., സിൻഡിക്കേറ്റ് അംഗം
6. ഡോ. വർഗ്ഗീസ് കെ. ചെറിയാൻ, സിൻഡിക്കേറ്റ് അംഗം
7. അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം
8. ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം
9. ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം
10. ഡോ. പുഷ്പ മരിയൻ, മൗണ്ട് കാർമൽ കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ ഫോർ വുമൺ, കോട്ടയം.
11. Lt. ഡോ. ജി.പി. സുധീർ, എസ്.എൻ. കോളേജ്, കുമരകം
12. ഡോ. ആർ. അനിത, ഡിബി കോളേജ്, തലയോലപ്പറമ്പ്
13. പ്രൊഫ. (ഡോ.) സിബി സക്കറിയാസ്, അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
14. ഡോ. അനസ് എസ്., അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
15. ഡോ. ബിജു പി.ആർ., അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
16. ഡോ. അജിത് ജെയിംസ് ജോസ്,  അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി,
17. ഡോ. ആംസ്ട്രോങ് സെബാസ്റ്റ്യൻ, അസിസ്റ്റന്റ് പ്രൊഫസർ ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്, നിർമ്മല കോളേജ്, മൂവാറ്റുപുഴ
18. ഡോ. സിറിയക് ജോസ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ആർക്കിയോളജി, സെന്റ്. തോമസ് കോളേജ്, പാലാ
19. ശ്രീ. എബിൻ പി.ജെ., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി, എസ്എച്ച് കോളേജ്, തേവര
20. ശ്രീ. ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്, സെന്റ്. തോമസ് കോളേജ്, കോഴഞ്ചേരി
21. ഡോ. ജീ ജി., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി, ശ്രീ ശങ്കര കോളേജ്, കാലടി
22. ശ്രീ. ജോജി അലക്സ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, സെന്റ്. തോമസ് കോളേജ് പാലാ
23. ശ്രീ. ജോൺ എം. ജോർജ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, സെന്റ്. തോമസ് കോളേജ്, റാന്നി
24. ശ്രീ. ജോജി ജോൺ പണിക്കർ, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്,

സിഎംഎസ് കോളേജ്, കോട്ടയം

25. ഡോ. സജു മാത്യു, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം, യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ
26. ശ്രീ. എ.എം. റഷീദ്, എംഇഎസ് കോളേജ്, നെടുംകണ്ടം
27. ഡോ. എ.എസ്. സുമേഷ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിന്ദി, എംഇഎസ് കോളേജ്, നെടുംകണ്ടം
28. ഡോ. വിനു ടി.പി, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, എൻഎസ്എസ് ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി
29. ശ്രീമതി. ലേഖ ജെ., അസിസ്റ്റന്റ് രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
30. ശ്രീ. എ.യു. മോൻസി, യു.ഡി. ക്ലർക്ക്, സെൻറ്. തോമസ് കോളേജ്, റാന്നി
31. ശ്രീ. ജേക്കബ് സി. നൈനാൻ, എൽ.ഡി. ക്ലർക്ക്, ബസേലിയസ് കോളേജ്, കോട്ടയം
32. ശ്രീ. ജസ്റ്റിൻ ജോസഫ്, അൽ -അസർ ലോ കോളേജ്, തൊടുപുഴ
33. ശ്രീ. വിജീഷ് വി, സ്കൂൾ ഓഫ് ബയോസയൻസ്, എംജി യൂണിവേഴ്സിറ്റി
34. കുമാരി. സ്റ്റെന്നി മേരി എബ്രഹാം, സെൻറ്. തോമസ് കോളേജ്, റാന്നി
35. ശ്രീ. സബിത്ത് പി. ആനന്ദ്, മൗണ്ട് സിയോൺ ലോ കോളേജ്, കടമ്മനിട്ട
36. കുമാരി. ജിഷ്ന ഡി., സെൻറ് മേരീസ് കോളേജ്, മണർകാട്
37. കുമാരി. അലിഷ ചാന്ദ്നി, കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട
38. കുമാരി. അനുജ ബി., മഹാരാജാസ് കോളേജ്, എറണാകുളം.
39. കുമാരി. റിതു കൃഷ്ണൻ. ശ്രീ നാരായണ കോളേജ്, പൂത്തോട്ട

**ഓൺലൈനായി പങ്കെടുത്തവർ**

40. ഡോ. നന്ദകുമാർ കളരിക്കൽ, സിൻഡിക്കേറ്റ് അംഗം
41. ശ്രീ. വസന്ത് ശ്രീനിവാസൻ, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
42. ശ്രീ. വിനീഷ് കെ.എ., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്, ഗവ. കോളേജ്,മൂന്നാർ
43. ഡോ. ആൾസൺ മാർട്ട്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, മഹാരാജാസ് കോളേജ്, എറണാകുളം
44. ഡോ. സുമി ജോയ് ഒളിയാപുരം, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം, മഹാരാജാസ് കോളേജ്, എറണാകുളം
45. ഡോ. സുരേഷ് എ., ശ്രീ ശങ്കര കോളേജ്, കാലടി.
46. ശ്രീ. സിനു പി. നാസർ, സീനിയർ ക്ലർക്ക്, മഹാരാജാസ് കോളേജ്, എറണാകുളം
47. ശ്രീ. സജിത്ത് ബാബു എസ്., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഫിസിക്സ്, കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട
48. ശ്രീ. എ.ജെ. ഇമ്മാനുവൽ, അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്, നിർമ്മല കോളേജ്, മൂവാറ്റുപുഴ
49. ശ്രീമതി. ശോഭ കെ.ഡി., പ്രിൻസിപ്പൽ, ഗവ. സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ

കൂടാതെ, രജിസ്ട്രാർ പ്രൊഫ. (ഡോ.) പ്രകാശ് കുമാർ ബി.-യും ഹാജരായിരുന്നു. രാവിലെ 10.00 മണിക്ക് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സാബു തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. സെനറ്റ് വാർഷിക യോഗത്തിലേയ്ക്ക് അംഗങ്ങളെ സ്വാഗതം ചെയ്ത അദ്ധ്യക്ഷൻ സെനറ്റിലേയ്ക്ക് തെരെഞ്ഞെടുക്കപ്പെട്ട പുതിയ അംഗങ്ങളെ അനുമോദിക്കുകയും സെനറ്റ് വാർഷികയോഗത്തിലേയ്ക്ക് പ്രത്യേകം സ്വാഗതം ചെയ്യുകയും ചെയ്തു. .

തുടർന്ന്, കഴിഞ്ഞ സെനറ്റ് യോഗത്തിനു ശേഷം മരണപ്പെട്ടവർക്ക് അനുശോചനം രേഖപ്പെടുത്തുന്നതിനുള്ള പ്രമേയം അവതരിപ്പിക്കുന്നതിനായി അദ്ധ്യക്ഷൻ രജിസ്ട്രാറെ ക്ഷണിച്ചു.

**<u>അനുശോചനപ്രമേയം</u>**

കേന്ദ്രമന്ത്രി രാംവിലാസ് പസ്വാൻ, മുൻ കേന്ദ്രമന്ത്രിയും മധ്യപ്രദേശ് മുഖ്യമന്ത്രിയുമായിരുന്ന മോത്തിലാൽ വോറ, റെയിൽവേ സഹമന്ത്രി ശ്രീ. സുരേഷ് അംഗഡി, മുൻ കേന്ദ്രമന്ത്രിമാരായ ശ്രീ. രഘുവംശ പ്രസാദ്, ശ്രീ. ജസ്വന്ത് സിംഗ്, ശ്രീ. റഷീദ് മസൂദ്, ബൂട്ടാസിങ്, മുൻ മന്ത്രി കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, ശ്രീ. സി.എഫ്. തോമസ് എം.എൽ.എ., മുൻ എം.എൽ.എ. ശ്രീ. ജോർജ് മേഴ്സിയർ, പ്രശസ്ത ഗായകൻ ശ്രീ. എസ്.പി. ബാലസുബ്രഹ്മണ്യം, കേരള ഹൈക്കോടതിയിലെ ആദ്യമലയാളി വനിതാ ചീഫ് ജസ്റ്റിസ് കെ.കെ. ഉഷ, ഫുട്ബോൾ ഇതിഹാസം ഡീഗോ മറഡോണ, ചലച്ചിത്ര നടൻ ഉണ്ണികൃഷ്ണൻ നമ്പൂതിരി, അനിൽ നെടുമങ്ങാട്, ചലച്ചിത്ര കലാസംവിധായകൻ പി. കൃഷ്ണമൂർത്തി, കവി അക്കിത്തം അച്യുതൻ നമ്പൂതിരി, വിഷ്ണുനമ്പൂതിരി, അനിൽ പനച്ചൂരാൻ, കവയിത്രി സുഗതകുമാരി, സാഹിത്യകാരൻ യു.എ. ഖാദർ, കഥകളി ആചാര്യൻ ഗുരു ചേമഞ്ചേരി കുഞ്ഞിരാമൻ നായർ, മടവൂർ വാസുദേവൻ നായർ, കാർഷിക വിദഗ്ധൻ ആർ. ഹേലി, മുൻ വി.എസ്.എസ്.സി. ഡയറക്ടർ എസ്. രാധാകൃഷ്ണൻ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അധ്യാപകൻ ഡോ. കെ. പയസ്, സർവ്വകലാശാല ജീവനക്കാരനായിരുന്ന ശ്രീ. ജയചന്ദ്രൻ, കൂടാതെ കോവിഡ് 19 മഹാമാരിമൂലം ലോകത്താകമാനം ജീവൻ നഷ്ടപ്പെട്ടവർ എന്നിവരുടെ വിയോഗത്തിൽ മഹാത്മാഗാന്ധി സർവകലാശാല സെനറ്റ് അനുശോചനം രേഖപ്പെടുത്തി തുടർന്ന് ആദരസൂചകമായി സഭ ഒരു മിനിറ്റ് മൗനമാചരിച്ചു.

തുടർന്ന് പ്രോ -വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സി.റ്റി. അരവിന്ദകുമാർ-നെ അനുമോദനപ്രമേയം അവതരിപ്പിക്കുന്നതിനായി അദ്ധ്യക്ഷൻ ക്ഷണിച്ചു.

**<u>അനുമോദന പ്രമേയം</u>**

അമേരിക്കയിലെ സ്റ്റാൻഫോർഡ് സർവ്വകലാശാല തയ്യാറാക്കിയ ഇന്ത്യയിൽ നിന്നുള്ള മികച്ച രണ്ട് ശതമാനം ശാസ്ത്രജ്ഞരുടെ ലോകറാങ്കിംഗിൽ 114-ാം റാങ്ക് കരസ്ഥമാക്കി മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലറും പ്രശസ്ത പോളിമർ ശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസ്, പോളിമർ മേഖലയിൽ ഇന്ത്യയിലെ മികച്ച രണ്ടാമത്തെ ശാസ്ത്രജ്ഞനായാണ് റാങ്കിംഗിൽ ഇടംപിടിച്ചത്. ലോകത്തെ ഒരു ലക്ഷം മികച്ച ശാസ്ത്രജ്ഞരിൽ നിന്നാണ് രണ്ടു ശതമാനം പേരുടെ പട്ടിക സ്റ്റാൻഫോർഡ് സർവകലാശാലയിലെ ശാസ്ത്രജ്ഞർ തയ്യാറാക്കിയത്.

നാനോ സയൻസ് ടെക്നോളജിയിൽ വിശിഷ്ട സംഭാവനകൾ നൽകിയ ഇന്ത്യൻ ശാസ്ത്രജ്ഞർക്ക് കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് നാനോ മിഷന്റെ ഭാഗമായി ഏർപ്പെടുത്തിയ നാഷണൽ റിസർച്ച് അവാർഡ് മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലറും പ്രമുഖ പോളിമർ നാനോ സയൻസ് ശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസിന് കൈമാറി. കൊൽക്കത്ത എസ്.എൻ. ബോസ് നാഷണൽ സെന്റർ ഫോർ ബയോസയൻസസിൽ നടന്ന നാനോ സയൻസ് ടെക്നോളജി രാജ്യാന്തര

കോൺഫറൻസിൽ ശാസ്ത്രസാങ്കേതിക സെക്രട്ടറി പ്രൊഫ. അഷുതോഷ് ശർമയാണ് പുരസ്കാരം സമ്മാനിച്ചത്. പ്രൊഫ. എ. കെ. സൂദ്, ഡോ. സൗരഭ് ലോധ ,ഡോ. വിവേക് പോൾഷെത്തോവർ എന്നിവർ സന്നിഹിതരായി. പ്രമുഖ ശാസ്ത്രജ്ഞനായ പ്രൊഫ. സി.എൻ.ആർ. റാവു അധ്യക്ഷനായ സെലക്ഷൻ കമ്മിറ്റിയാണ് പ്രൊഫസർ സാബു തോമസിനെ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്. ഒരു ലക്ഷം രൂപയും ബഹുമതിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ്സ് ആൻഡ് നാനോടെക്നോളജി വിഭാഗത്തിലെ പ്രൊഫസർ സാബു തോമസ്, പ്രൊഫസർ നന്ദകുമാർ കളരിക്കൽ, ഡോ. മുഹമ്മദ് ആരിഫ് എന്നിവർ സംയുക്തമായി നടത്തിയ ഗവേഷണത്തിന്റെ ഫലമായി വികസിപ്പിച്ചെടുത്ത പോളിമർ സംയുക്തങ്ങളെ അടിസ്ഥാനമാക്കിയുള്ള തീർത്തും കനം കുറഞ്ഞതും ഭാരം കുറഞ്ഞതുമായ പദാർത്ഥത്തിന് സമർപ്പിച്ച പേറ്റന്റ് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു.

ജീവിത ശൈലി രോഗങ്ങളെയും കാൻസറിനെയും പ്രതിരോധിക്കാൻ ശേഷിയുള്ള ക്വർസെറ്റിൻ (Quercetin) ഉൽപ്പാദിപ്പിക്കുന്ന പുതിയ ഫംഗസിനെ മഹാത്മാഗാന്ധി സർവകലാശാലയിലെ ഗവേഷകർ കണ്ടെത്തി ആയുർവേദ മരുന്നുകളിലെ പ്രധാന ചേരുവയായ അശ്വഗന്ധ ചെടിയിൽ നിന്നാണ് സ്കൂൾ ഓഫ് ബയോസയൻസസിലെ മൈക്രോബയോളജി വിഭാഗം ഗവേഷകർ 'പെനിസിലിയം സീറ്റോസം' എന്ന് പേരിട്ടിരിക്കുന്ന പുതിയ ഫംഗസിനെ കണ്ടെത്തിയത്.

സസ്യങ്ങളിൽ മാത്രം കാണുന്നതും ബാക്ടീരിയകളെ പ്രതിരോധിക്കുവാൻ ശേഷിയുള്ളതുമായ ക്വർസെറ്റിൻ ജൈവ തന്മാത്രകൾ ഉൽപാദി പ്പിക്കുവാൻ ശേഷിയുള്ളവയാണ് പെനിസിലിയം സീറ്റോസം. മൈക്രോബയോളജി വിഭാഗത്തിലെ ഗവേഷക വിദ്യാർത്ഥിനി ടിജിത്ത് കെ. ജോർജ്, അധ്യാപകരായ പ്രൊഫ. എം.എസ്. ജിഷ, അസ്സോസിയേറ്റ് പ്രൊഫ. ലിനു മാത്യു, എന്നിവരാണ് കണ്ടെത്തലിന് പിന്നിൽ.

2020-ലെ ചാൻസലേഴ്സ് അവാർഡ് മഹാത്മാഗാന്ധി സർവകലാശാലക്കും, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയും സംയുക്തമായി നേടി. 2016,2018 വർഷങ്ങളിലും മഹാത്മാഗാന്ധി സർവകലാശാല ചാൻസലേഴ്സ് അവാർഡ് നേടിയിരുന്നു.

എമർജിങ്ങ് എക്കോണമികളിലെ സർവ്വകലാശാലകൾക്ക് ടൈംസ് ഹയർ എഡ്യൂക്കേഷൻ നടപ്പാക്കിയ റാങ്കിംഗിൽ മഹാത്മാഗാന്ധി സർവകലാശാല 141-ാം സ്ഥാനം കരസ്ഥമാക്കി.

കേരള സർക്കാരിന്റെ കൈരളി ഗവേഷക പുരസ്കാരം (രണ്ടരലക്ഷം രൂപ അവാർഡ് തുക) പ്രൊഫ. (ഡോ) സാബു തോമസ്- ന് ലഭിച്ചു. ഈ കാലയളവിൽ നേട്ടം കൈവരിച്ചവരെ യോഗം അനുമോദിച്ചു.

തുടർന്ന്, അദ്ധ്യക്ഷൻ മൂന്ന് സെനറ്റ് യോഗങ്ങളിൽ തുടർച്ചയായി പങ്കെടുക്കാതിരുന്നവരുടെ അംഗത്വം-പുനഃസ്ഥാപനത്തിലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിച്ചു.

**അംഗത്വം- പുനഃസ്ഥാപനം**

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 ചാപ്റ്റർ 6, സെക്ഷൻ 45(4) അനുസരിച്ച് തുടർച്ചയായ മൂന്ന് സെനറ്റ് യോഗങ്ങളിൽ (27/07/2019, 23/11/2019, 09/06/20202)പങ്കെടുക്കാതിരുന്നതിനാൽ താഴെ പരാമർശിച്ചിരിക്കുന്ന 6 അംഗങ്ങൾക്ക് അംഗത്വം നഷ്ടപ്പെട്ടിരിക്കുന്നതായി അദ്ധക്ഷൻ അറിയിച്ചു.

1. ശ്രീമതി. ഇ.എസ് ബിജിമോൾ, നിയമസഭാംഗം
2. ശ്രീ. എസ്.രാജേന്ദ്രൻ, നിയമസഭാംഗം
3. ശ്രീ. വി.പി.സജീന്ദ്രൻ, നിയമസഭാംഗം
4. ശ്രീ. പി.ജെ.അജയകമാർ, പ്രസിഡന്റ്, ഡിസ്ട്രിക് പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ, പത്തനംതിട്ട

5. ശ്രീ. സിന്ധു പി.ലാസർ സീനിയർ ക്ലാർക്ക്, മഹാരാജാസ് കോളേജ്, എർണാകുളം.
6. ശ്രീ. കെ.എം മൂസ, മാനേജർ, അൽ-അസർ കോളേജ് ഓഫ് ആർട്സ് & സയൻസ്, തൊടുപുഴ.

ഇവരിൽ ശ്രീ. വി.പി.സജീന്ദ്രൻ, ശ്രീ.സിന്ധു പി.ലാസർ, ശ്രീ.കെ.എം മൂസ എന്നിവർ യോഗത്തിൽ പങ്കെടുക്കാതിരുന്നതിന് വിശദീകരണം നൽകിയിട്ടുള്ളതിനാൽ ടി അംഗങ്ങളുടെ അംഗത്വം പുനഃസ്ഥാപിക്കുന്നതായും ശ്രീമതി.ഇ.എസ് ബിജിമോൾ, ശ്രീ. എസ്.രാജേന്ദ്രൻ, ശ്രീ.പി.ജെ.അജയകുമാർ എന്നിവർ ഇതുവരെ കാരണങ്ങളൊന്നും ബോധിപ്പിച്ചിട്ടില്ലാത്തതിനാൽ ടി അംഗങ്ങളുടെ അംഗത്വം പുനഃസ്ഥാപിക്കേണ്ടതില്ലെന്നും അദ്ധ്യക്ഷൻ അറിയിച്ചു. സഭ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് യോഗം അജൻഡയിലേയ്ക്ക് പ്രവേശിച്ചു.

## I. ചോദ്യവും ഉത്തരവും:

**ചോദ്യം: ഡോ. ജോജി അലക്സ്**

01. കോവിഡ്-19 കാലഘട്ടങ്ങളിൽ യൂണിവേഴ്സിറ്റി പ്രാക്ടിക്കൽ പരീക്ഷകൾ Internal ആയി കോളേജുകളിൽ തന്നെ നടത്തുമ്പോൾ Examiners, Skilled Assistants, Lab Assistants ഇവർക്കുള്ള remuneration സർവ്വകലാശാല നൽകുമോ?

**ഉത്തരം : ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

Covid 19 കാലഘട്ടത്തിൽ അഫിലിയേറ്റഡ് കോളേജുകളിൽ internal ആയി പ്രാക്ടിക്കൽ പരീക്ഷകൾ നടത്തിയിരുന്നു. പ്രസ്തുത പരീക്ഷകൾക്ക് external examiners പരീക്ഷ നടത്തുവാൻ എത്തിയിരുന്നില്ല എന്നതല്ലാതെ സാധാരണ സർവ്വകലാശാല പരീക്ഷകൾ നടത്തുന്ന വിധത്തിലാണ് പരീക്ഷകൾ നടത്തിയത്. ആയതിനാൽ Internal Examiners, Skilled Assistants, Lab Assistants എന്നിവർക്കുള്ള remuneration നൽകുന്നതാണ്.

**ചോദ്യം: ശ്രീമതി. ലേഖ ജെ.**

02. അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട മുഴുവൻ തുകയും ലഭിച്ചിട്ടുണ്ടോ? ഓരോ വർഷത്തേയും കണക്കുകൾ നൽകുക?

**ഉത്തരം : പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ (2016-17 മുതൽ 2020-2021 വരെ) സർവ്വകലാശാലയ്ക്ക് അഫിലിയേഷനുമായി ബന്ധപ്പെട്ട് മുഴുവൻ തുകയും ലഭിച്ചിട്ടില്ല. വർഷം തിരിച്ചുള്ള കണക്കുകൾ ഇതോടൊപ്പം ചേർക്കുന്നു.

| No. | Academic Year | Demand | Collection | Balance |
|---|---|---|---|---|
| 1 | 2016-17 | 41,78,000 | 40,90,000 | 88,000 |
| 2 | 2017-18 | 87,667,50 | 82,06,750 | 5,60,000 |

| | | | | |
|---|---|---|---|---|
| 3 | 2018-19 | 93,88,500 | 89,33,500 | 4,55,000 |
| 4 | 2019-20 | 98,64,250 | 88,68,500 | 9,95,750 |
| 5 | 2020-21 | 10,280,000 | 88,11,375 | 14,68,625 |

**ഉപചോദ്യം: ഡോ. ജോജി അലക്സ്**

സർവ്വകലാശാല കടുത്ത സാമ്പത്തിക പ്രതിസന്ധിയിലുള്ള സാഹചര്യത്തിൽ സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട തുക ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടി സ്വീകിരിച്ചിട്ടുണ്ടോ?

**ഉത്തരം : പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

കഴിഞ്ഞ പത്ത് വർഷക്കാലമായി കോളേജുകളിൽ നിന്നും ഫീസിനത്തിൽ ലഭിക്കാനുള്ള തുക അടച്ച് തീർത്തതിനുശേഷം മാത്രമേ കോളേജിലേക്കുള്ള മാർജിനൽ സീറ്റ് ഇൻക്രീസ് അനുവദിക്കുകയുള്ളൂ എന്ന് നിബന്ധന വെച്ചിട്ടുണ്ട്. കൂടാതെ ഏറെക്കുറെ എല്ലാ കോളേജിൽ നിന്നും ലഭിക്കാനുള്ള തുക കിട്ടിയിട്ടുണ്ട്.

**ചോദ്യം: ശ്രീ. എബിൻ പി.ജെ.**

03. കോളേജുകളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികളിൽ നിന്നും അമിത തുക PTA ഫണ്ടായി വാങ്ങുന്നത് സംബന്ധിച്ച് സർവ്വകലാശാലക്ക് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ? പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ സംസ്ഥാന സർക്കാരിന്റെ ഉത്തരവിനെ അടിസ്ഥാനമാക്കി PTA ഫണ്ട് ഏകീകരിക്കാൻ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

**ഉത്തരം :ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും PTA Fund സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട് അതിൽ നടപടികൾ പൂർത്തിയായി വരുന്നു.

**ചോദ്യം: ശ്രീ. വസന്ത് ശ്രീനിവാസ്**

04. മാലിന്യ നിർമ്മാർജ്ജനവും ആയി ബന്ധപ്പെട്ട യൂണിവേഴ്സിറ്റി ഹോസ്റ്റലുകളിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ സുഗമമായി നടക്കുന്നില്ല. ആവശ്യമായ കുടിവെള്ളം പോലും ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ?

സഭയിൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ചോദ്യം: ഡോ. അജിത് ജെയിംസ് ജോസ്**

05. ചോദ്യബാങ്ക് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നൽകുന്ന ചോദ്യ പേപ്പറുകളിൽ വരുന്ന ആവർത്തനവും പിഴവുകളും ഒഴിവാക്കാൻ ചോദ്യബാങ്ക് വർഷാവർഷം പുതുക്കാറുണ്ടോ ?

**ഉത്തരം : ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

ചോദ്യപേപ്പറുകളിൽ ആവർത്തനവും പിഴവുകളും ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനായി Question Bank Enrichment കമ്മിറ്റി രൂപീകരിച്ച് അതിൻെറ നേതൃത്വത്തിൽ ചോദ്യബാങ്ക് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉപചോദ്യം: ഡോ. അജിത് ജെയിംസ് ജോസ്**

Question Bank Enrichment കമ്മറ്റിയുടെ പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്താൻ എത്ര സമയം വേണ്ടിവരും ?

**ഉത്തരം : ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

Question Bank Enrichment കമ്മറ്റിയുടെ പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്താൻ ഏകദേശം ആറുമാസത്തോളം സമയം ആവശ്യമായിവരും.

**ചോദ്യം: ഡോ. വിനു. റ്റി.പി.**

06. സർവ്വകലാശാലയുടെ B.Sc Physics -Model I CBCS സിലബസ്സിൽ നൽകിയിട്ടുള്ള അവസാനവർഷ പ്രാക്ടിക്കലിന്റെ ജോലി ഭാരവും സർക്കാർ അംഗീകരിച്ചിട്ടുള്ള ജോലി ഭാരവും തമ്മിൽ വ്യത്യാസം .ഉണ്ടോ? ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം : പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

സർവ്വകലാശാല, ജോലിഭാരം കണക്കുകൂട്ടുന്നത് ജോലിഭാര നിർണ്ണയ ഓർഡിനൻസ് പ്രകാരമാണ്. സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന തരത്തിൽ സിലബസിനു വരുത്തുന്ന പരിഷ്കരണങ്ങൾ സർക്കാരിൻെറ മുൻകൂർ അനുമതിയോടെ മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

**ഉപചോദ്യം: ഡോ. ജോജി അലക്സ്**

സിലബസിലെ വർക്ക് ലോഡും ഓർഡിനൻസിലെ വർക്ക് ലോഡും ക്രമീകരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

**ഉത്തരം : പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

ഓഡിനൻസ് അനുസരിച്ച് മാത്രമേ സിലബസ് പരിഷ്കരണം നടത്താവൂ. അതിനു വിരുദ്ധമായി നടന്നതിനാലാണ് ഇത്തരത്തിൽ ഒരു ആരോപണം വന്നിരിക്കുന്നത്. ഇത്തരമൊരു സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ. വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**ചോദ്യം: ശ്രീ. ജോൺ എം. ജോർജ്**

07. ഫാസ്റ്റ് ട്രാക് വഴി അപേക്ഷിക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ എത്ര ദിവസത്തിനുള്ളിൽ നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? സമയ പരിധി അവസാനിച്ച എത്ര അപേക്ഷകൾ നിലവിലുണ്ട്?

**ഉത്തരം : ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

ഫാസ്റ്റ് ട്രാക്ക് വഴി ലഭിക്കുന്ന അപേക്ഷകൾ 20 പ്രവർത്തി ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കേണ്ടതാണ്. സമയപരിധി അവസാനിച്ച 4000 -ത്തോളം അപേക്ഷകൾ നിലവിലുണ്ട്.

**ഉപചോദ്യം: ഡോ. ജോജി അലക്സ്**

സമയപരിധി അവസാനിച്ച നാലായിരത്തോളം അപേക്ഷകൾ നിലവിലുള്ളതായി കാണുന്നു. ഇത് പരിഹരിക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

**ഉപചോദ്യം: ഡോ. എ.എസ്. സുമേഷ്**

ഫാസ്റ്റ് ട്രാക്കിൽ അധിക ഫീസ് അടച്ച് വിദ്യാർഥികൾ അപേക്ഷ സമർപ്പിക്കുന്നതിൽ നാലായിരത്തോളം അപേക്ഷകളിൽ കാലതാമസം ഉണ്ടാകുന്നത് വിദ്യാർഥികളുടെ ഭാവിയെയും കൂടാതെ സർവകലാശാലയുടെ പ്രധാന റാങ്കിംഗുകളെയും ഇത് പ്രതികൂലമായി ബാധിക്കുന്നു. സർട്ടിഫിക്കറ്റുകൾ ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നതിലൂടെ ഈ സർട്ടിഫിക്കറ്റുകൾ കൊണ്ട് വിദ്യാർഥികൾക്ക് ഉപയോഗം ഇല്ലാതാകുകയും ചെയ്യുന്നതിനാൽ ഈ വിഷയത്തിൽ അടിയന്തരമായി ഒരു തീരുമാനം ഉണ്ടാകേണ്ടതാണ്.

അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണെന്ന് **അദ്ധ്യക്ഷൻ** അറിയിച്ചു.

**ചോദ്യം: ഡോ. ജോജി അലക്സ്**

08. സർവ്വകലാശാലയിൽ കായിക രംഗത്തും കലാ രംഗത്തും മികവുപുലർത്തുന്ന കുട്ടികൾക്ക് ഈ അധ്യയന വർഷം ഗ്രേസ് മാർക്ക് നഷ്ടപ്പെടാതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം : ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

സർക്കാരിൻെറ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഏപ്രിൽ - മെയ് മാസങ്ങളിൽ സർവ്വകലാശാല യുവജനോത്സവങ്ങൾ നടത്തുവാനാണ് ശ്രമിക്കുന്നത്. യുവജനോത്സവങ്ങൾ നടക്കുന്ന മുറയ്ക്ക് ഗ്രേഡിൻെറ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് അനുവദിക്കാവുന്നതാണ്.

2020-21 അധ്യയന വർഷത്തിലെ ഇൻറർ കോളേജിയേറ്റ് കായിക മത്സരങ്ങൾ 2021 ഏപ്രിൽ മാസം മുതൽ നടത്തുന്നതിനുള്ള നിർദ്ദേശം സർവ്വകലാശാലയുടെ പരിഗണനയിലാണ്. കൂടാതെ 2020-21

ജില്ല/ദേശീയ തല മത്സരങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. ഇതിൽ വിജയികൾ ആകുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ഗ്രേസ് മാർക്ക് ലഭിക്കും.

**ഉപചോദ്യം: ഡോ. ജോജി അലക്സ്**

കായിക രംഗത്ത് മികവു പുലർത്തുന്ന കുട്ടികൾക്ക് ഈ വർഷം സ്പോർട്സ് മത്സരങ്ങൾ നടക്കാതിരുന്നാൽ സ്പോർട്സ് ക്വാട്ടയിൽ ലഭിക്കാവുന്ന ഉദ്യോഗ അവസരങ്ങൾ നഷ്ടപ്പെടുവാൻ സാധ്യതയുള്ളതിനാൽ സ്പോർട്സ് മത്സരങ്ങൾ ഉടൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണെന്ന് **അദ്ധ്യക്ഷൻ** അറിയിച്ചു.

**ചോദ്യം: ശ്രീ. ഫെബ്രു ജോർജ് മത്തായി കുറിച്ചിയത്ത്**

09. എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെയും മെഡിക്കൽ വിദ്യാർത്ഥികളുടേയും മുൻപുണ്ടായിരുന്ന കോഴ്സുകളുടെ ഭാഗമായി സർവ്വകലാശാലയിൽ പ്രവർത്തിച്ചിരുന്ന പരീക്ഷ, അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ് വിഭാഗങ്ങളിൽ നിലവിൽ എത്ര ജീവനക്കാർ ജോലിയിൽ തുടരുന്നുണ്ട്?

**ഉത്തരം : ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകളുടെ അക്കാദമിക് കാര്യങ്ങൾക്കായി പ്രത്യേകം സെക്ഷനുകൾ രൂപീകരിച്ചിട്ടില്ല. നിലവിലുള്ള പ്രൊഫഷണൽ കോഴ്സുകളായ B.Arch., M.Arch.,MCA,IMCA,DDMCA,MBA,MHRM,BHM, 3 year LLB, 5 year Integrated BA LLB & B.Com. LLB, BBA LLB, LLM,B.Sc. Nursing (Last Batch) എന്നിവ കൈകാര്യം ചെയ്യുന്ന അക്കാദമിക്/അഡ്മിനിസ്ട്രേറ്റീവ് സെക്ഷനുകളിലാണ് മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകളുടെ അനുബന്ധ ജോലികളും ചെയ്യുന്നത്.

എന്നാൽ മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്കായി പരീക്ഷ വിഭാഗത്തിൽ ഇപ്പോഴും സെക്ഷനുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സപ്ലിമെന്ററി പരീക്ഷ ജോലികൾ, സർട്ടിഫിക്കറ്റുകൾ /ട്രാൻസ്ക്രിപ്റ്റ് വിതരണം എന്നിങ്ങനെയുള്ള ജോലികൾ നിലവിലും തുടരുന്നതിനാൽ, ടി ജോലികൾ ചെയ്യുന്നതിലേക്കായി നിലവിൽ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ വിഭാഗത്തിൽ രണ്ടു അസിസ്റ്റന്റ് രജിസ്ട്രാർ, പത്ത് സെക്ഷൻ ഓഫീസർ, ഇരുപത് അസിസ്റ്റന്റ്സ്, മെഡിക്കൽ വിഭാഗത്തിൽ രണ്ടു സെക്ഷൻ ഓഫീസർ, ആറു അസിസ്റ്റന്റ്സ് എന്നീ ജീവനക്കാരെ നിലനിർത്തിയിട്ടുണ്ട്.

**ചോദ്യം: ഡോ. ജോജി ജോൺ പണിക്കർ**

10. സ്വാശ്രയ കോളേജ് അധ്യാപകർക്ക് ഗവേഷണത്തിന് പ്രവേശന പരീക്ഷ ഒഴിവാക്കിക്കൊണ്ട് മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയം അടിസ്ഥാനമാക്കി മാത്രം അനുമതി നൽകാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ ?

**ഉത്തരം :ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

സ.ഉ.നം. 3503/AC A10/2020/MGU തീയതി 30.07.2020 പ്രകാരം സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകളിൽ തുടർച്ചയായി 3 വർഷത്തെ സേവനപരിചയമുള്ള അദ്ധ്യാപകരെയും സ.ഉ.നം. 5392/AC A10/2020/MGU തീയതി 13.11.2020 പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിൽ തുടർച്ചയായി 3 വർഷത്തെ സേവനപരിചയമുള്ള അദ്ധ്യാപകരേയും നിലവിൽ പിഎച്ച്.ഡി. പ്രവേശനപരീക്ഷയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

**ഉപചോദ്യം: ഡോ. എ.എസ് . സുമേഷ്**

സെൽഫിനാൻസിംഗ് കോളജുകളിലെ അധ്യാപക നിയമനം സംബന്ധിച്ച് സർവകലാശാലയിൽ ആധികാരികമായ യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ മൂന്ന് വർഷത്തെ സേവന പരിചയം കണക്കാക്കുന്നതിന് എന്ത് മാനദണ്ഡമാണ് സർവകലാശാലയ്ക്ക് സ്വീകരിക്കുവാൻ കഴിയുക?

**ഉപചോദ്യം: ഡോ. ജോജി അലക്സ്**

ഗവേഷണരംഗത്ത് ഗുണനിലവാരം നിലനിർത്തേണ്ട ഈ സാഹചര്യത്തിൽ ടി അധ്യാപകരെ പിഎച്ച്.ഡി പ്രവേശന പരീക്ഷയിൽ നിന്നും ഒഴിവാക്കുന്നത് അർഹരായ വിദ്യാർഥികൾക്ക് അവസരം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു. ആയതിനാൽ 13.11.2020 ലെ ഉത്തരവ് പുനഃപരിശോധിക്കുക.

**ഉപചോദ്യം: ഡോ. വിനു. റ്റി.പി.**

മൂന്നു വർഷത്തെ അധ്യാപന പരിചയം എന്ന് പറയുന്നത് എങ്ങനെ കണക്കാക്കുന്നു? മാനദണ്ഡം എന്താണ്? അത് പരിശോധിക്കേണ്ടതാണ്?

**ഉത്തരം :ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

അംഗങ്ങളുടെ നിർദ്ദേശങ്ങളുടേയും ഉത്തരവിൻെറയും വെളിച്ചത്തിൽ സർവ്വകലാശാല പഠിച്ച് തീരുമാനം എടുക്കുന്നതായിരിക്കും.

**ചോദ്യം: ഡോ. സിറിയക് ജോസ്**

11. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പോസ്റ്റ് ഓഫീസ് മുതൽ തുടങ്ങുന്ന പഴയ കെട്ടിടങ്ങൾ (A to G Block) നവീകരിക്കുന്നതിന് റൂസ ഫണ്ടിൽ നിന്ന് എത്ര തുക ചിലവഴിച്ചിട്ടുണ്ട്. ചിലവഴിച്ച തുക, ഇനം, സാമ്പത്തിക വർഷം എന്നീ ക്രമത്തിൽ ഉത്തരം നൽകുക?

**ഉത്തരം : ഉത്തരം :ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

സർവ്വകലാശാല എഞ്ചിനീയർ 05.03.2021 -ൽ നൽകിയ റിപ്പോർട്ട് പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പോസ്റ്റ് ഓഫീസ് മുതൽ തുടങ്ങുന്ന പഴയ കെട്ടിടങ്ങൾ (A to G Block) നവീകരണത്തിന് റൂസ ഫണ്ടിൽ നിന്നും 43,16,353/- രൂപ (നാൽപ്പത്തി മൂന്ന് ലക്ഷത്തി പതിനാറായിരത്തി മുന്നൂറ്റി അമ്പത്തി മൂന്ന് രൂപ മാത്രം) 2017-18 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പ്രവൃത്തിയുടെ ഇനം തിരിച്ചുള്ള ചെലവ് ഇതോടൊപ്പം സമർപ്പിക്കുന്നു.

A to G Block - RUSA Work – Expenditure

| No. | Item | Quantity | Rate | Amount |
|---|---|---|---|---|
| 1 | Synthetic enamel paint one coat | 956.97 m2 | 68.36 | 65418.47 |
| 2 | Wall painting emulsion - one coat | 1188.98 m2 | 74 | 87984.52 |
| 3 | Wall painting emulsion -two coat | 7496.43 m2 | 94.86 | 711111.35 |
| 4 | Cement primer | 7496.43 m2 | 50.53 | 378794.61 |
| 5 | Synthetic enamel primer | 129.45 m2 | 43.41 | 5619.42 |
| 6 | Renewing glass panes | 3.33 m2 | 973.54 | 3241.89 |
| 7 | 110 mm PVC pipe | 4.00 m | 391.85 | 1567.4 |
| 8 | 25 mm PVC pipe | 151.60 m | 131.85 | 19988.46 |
| 9 | PVC door frame | 33.37 m | 646.89 | 21586.72 |
| 10 | PVC door shutter | 9.27 m2 | 3875.56 | 35926.44 |
| 11 | Floor tiles | 2397.06 m2 | 1107.02 | 2653593.36 |
| 12 | Water closet with accessories | 10 Nos. | 4782.15 | 47821.5 |
| 13 | Water closet European with accessories | 2 Nos. | 4675.73 | 9351.46 |
| 14 | Roofing sheet 0.50 mm | 1268.49 m2 | 876.71 | 1112097.87 |
| 15 | Roofing plain sheet | 96 m | 893.48 | 85774.08 |
| 16 | Angle valve | 33 Nos. | 715.6 | 23614.8 |
| 17 | Dismantling sheets | 1701.44 m2 | 32.33 | 55007.56 |
| 18 | PVC ceiling | 33.76 m2 | 460 | 15529.6 |
| 19 | Glazed shutters | 3.63 m2 | 4192.42 | 15218.48 |
| 20 | Glazed shutters repair | 51.82 m2 | 707.37 | 36655.91 |
| 21 | Wood work frames | 144 dm3 | 968.49/10 dm3 | 13946.26 |
| 22 | Synthetic enamel paint two coats | 129.45 m2 | 104.87 | 13575.42 |
| 23 | Roofing sheet 0.35 mm | 444.36 m2 | 5001.28/10 m2 | 222236.88 |
| 24 | E board ceiling | 17.42 m2 | 468.24 | 8156.74 |
| 25 | Roof ridge | 10.70 m | 321.11 | 3435.88 |
| | | | Total | 5647255.08 |
| | Deduct quoted rate 24.99% below except item Nos.7,8,15,20,21,22,23,24& 25 | | | 1330901.91 |

| | | | |
|---|---|---|---|
| | | Grand Total | 4316353.17 |

(Rupees Forty three lakhs sixteen thousand three hundred fifty three and Pasie seventeen only)

**ചോദ്യം: ഡോ. അജിത് ജെയിംസ് ജോസ്**

12. 2011 ഏപ്രിൽ 01 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിലും 2016 ഏപ്രിൽ 01 മുതൽ 2020 ഡിസംബർ 31 വരെ ഉള്ള കാലയളവിലും സർവ്വകലാശാലക്ക് സർക്കാരിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച തുക എത്ര വീതമാണ് ?

**ഉത്തരം : അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം**

| Year | Fund Received ( Amount in Lakh) |
|---|---|
| 2011-16 | 8100 |
| 2016-20 | 6592.62041 |

- 2020-21 വർഷത്തിലെ വാർഷിക പദ്ധതി പ്രകാരം നാളിതുവരെ ലഭിച്ച തുക 1267.9279 ലക്ഷം (ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി 488.19799 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.)
- KIIFB-യിൽ നിന്നും ഇന്റർ നാഷണൽ സെന്റർ ഫോർ എക്സലൻസ് ഇൻ അക്കാദമിക് & റിസർച്ച് (സെൻട്രൽ ലബോറട്ടറി കോംപ്ലക്സ് & ലബോറട്ടറി എക്വിപ്മെന്റസ്)-ന് 75 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
- ചാൻസലേഴ്സ് അവാർഡ്.

| No. | Year | Amount in lakh |
|---|---|---|
| 1. | 2015-16 | 500 |
| 2. | 2017-18 | 500 |

**ചോദ്യം: ഡോ. സിറിയക് ജോസ്**

13. 2018-2019, 2019-2020 അക്കാദമിക വർഷങ്ങളിൽ അധ്യാപകരുടെ അപ്രൂവൽ സംബന്ധിച്ച് സർവ്വകലാശാലയിൽ സമർപ്പിക്കപ്പെട്ട ഫയലുകൾ എത്രയാണ്? അതിൽ എത്രയെണ്ണം തീർപ്പാക്കുവാനുണ്ട്?

**ഉത്തരം : പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

2018-2019 അക്കാദമിക വർഷത്തിൽ 51 നിയമനാംഗീകാര ശിപാർശകളാണ് ലഭിച്ചത്, അതിൽ 50 എണ്ണവും തീർപ്പാക്കിയിട്ടുണ്ട്. 2019-2020 അക്കാദമിക വർഷത്തിൽ 79 നിയമനാംഗീകാര ശിപാർശകളാണ് ലഭിച്ചത്, അതിൽ 50 ശിപാർശകൾ തീർപ്പാക്കിയിട്ടുണ്ട്.

**ഉപചോദ്യം: ഡോ. സിറിയക് ജോസ്**

കഴിഞ്ഞ വർഷത്തെ അഫിലിയേഷൻ കമ്മിറ്റിയിൽ തീർപ്പാകാതെ ഇപ്പോഴും നിലവിലുള്ള ഫയലുകളിൽ തീരുമാനം ഉണ്ടാകുമോ?

അടിയന്തരമായി ഫയലുകളിൽ നടപടി സ്വീകരിക്കുന്നതാണെന്ന് **അദ്ധ്യക്ഷൻ** അറിയിച്ചു.

**ചോദ്യം: ഡോ. ജോജി ജോൺ പണിക്കർ**

14. എം.ജി. സർവ്വകലാശാലയെ പ്രതിനിധീകരിച്ച് നാഷണൽ യൂത്ത് ഫെസ്റ്റിവലിൽ പങ്കെടുത്ത കുട്ടികൾക്ക് രണ്ടു വർഷത്തെ ഗ്രേസ് മാർക്ക് ചേർത്ത് നൽകുവാനുള്ള സൗകര്യം മാത്രമേ സോഫ്റ്റ് വെയറിൽ നിലവിലുള്ളതായി അറിയുന്നു. മൂന്ന് വർഷം തുടർച്ചായി എം.ജി. സർവ്വകലാശാലയെ പ്രതിനിധീകരിച്ച് നാഷണൽ യൂത്ത് ഫെസ്റ്റിവലിൽ പങ്കെടുത്ത, 2019-20 അധ്യയന വർഷം കോഴ്സ് പൂർത്തിയാക്കിയ ഒരു വിദ്യാർത്ഥിനിയുടെ ഗ്രേസ് മാർക്ക് ഇതുവരെയും ചേർത്ത് നൽകിയിട്ടില്ല എന്താണ് ഈ കാലതാമസത്തിന് കാരണം? അടിയന്തിരമായി ഇതിന് സർവ്വകലാശാലുടെ ഭാഗത്തുനിന്നും ഒരു ക്രമീകരണം ഉണ്ടാകുമോ ?

**ഉത്തരം : ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

നിലവിലെ പ്രോഗ്രാം അനുസരിച്ച് മൂന്ന് വർഷം സി.ബി.സി.എസ്, കോളേജിലെ വിദ്യാർഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. 2017 അഡ്മിഷൻ മുതൽ ന്യൂ ഗ്രേസ് മാർക്ക് രജിസ്ട്രേഷൻ (As per UO No.1325/ACA8/2020 MGU dated 06.03.2020)ലൂടെ ഒരിക്കൽ ഗ്രേസ്മാർക്ക് നൽകിയ ശേഷം വീണ്ടും ഒരു തവണ മാത്രം Top Up സൗകര്യം ലഭ്യമാണ്. 2019-20 അധ്യയന വർഷത്തെ ഗ്രേസ് മാർക്കിനായി സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിച്ചിട്ടുണ്ട്.

**ചോദ്യം: ഡോ. സുരേഷ് എ.**

15. കോവിഡ് പശ്ചാത്തലത്തിൽ അവസാന വർഷ വിദ്യാർത്ഥികളുടെ പ്രോജക്റ്റ്, ഇന്റേൺഷിപ്പ് ഇൻഡസ്ട്രി വിസിറ്റ് തുടങ്ങിയവയിൽ ഇളവുകൾ നൽകേണ്ടത് അനിവാര്യമാണ് ഈ വിഷയത്തിൽ സർവ്വകലാശാല തീരുമാനം എന്താണ്?

ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ചോദ്യം: ഡോ. ആൾസൻ മാർട്ട്**

16. ഗവ. കോളേജ് അധ്യാപകർക്ക് എൻജിനീയറിങ് കോളേജുകളിലേയ്ക്കും പോളിടെക്നിക്കുകളിലേയ്ക്കും ട്രാൻസ്ഫർ കൊടുക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവർത്തിക്കുമ്പോൾ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റേയോ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെയോ പരിഗണനകൾ കൃത്യമായി ലഭിക്കാതെ വരുന്നു. ഈ സ്ഥാപനങ്ങളിലേയ്ക്ക് ട്രാൻസ്ഫർ ആകുന്ന എം.ജി.യൂണിവേഴ്സിറ്റിയിലെ കോളേജുകൾ ഹോം സ്റ്റേഷൻ ആക്കിയ അധ്യാപകർക്ക് മതിയായ യോഗ്യതകൾ ഉണ്ടെങ്കിൽപോലും Ph.D Guideship അനുവദിക്കുന്നില്ല, ഇത് പരിഗണിച്ചു കൂടെ?

**ഉത്തരം :ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

ആവശ്യം പരിഗണിക്കാവുന്നതാണ് എന്നാൽ, UGC Regulation 2016 (Minimum Standards and Procedures for Award of M.Phil/Ph.D Degree) വ്യവസ്ഥകൾ സർവ്വകലാശാലയിൽ ബാധകമാക്കികൊണ്ടുള്ള 21.01.2017-ലെ 448/AX/3/2017/Academic നമ്പർ ഉത്തരവു പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യതിട്ടുള്ള സർക്കാർ/എയ്ഡഡ് കോളേജികളിലെ നിയമനാംഗീകാരം ലഭിച്ചിട്ടുള്ള അധ്യാപകർക്കും റിസർച്ച് സെൻറർ പ്രവർത്തിക്കുന്ന കോളേജുകളിലും ഗവേഷണ സ്ഥാപനങ്ങളിലും സ്ഥിര നിയമം ലഭിച്ച അധ്യാപകർക്കും ശാസ്ത്രജ്ഞർക്കും, റിസർച്ച് സെൻററിനു സമീപസ്ഥമായ സർക്കാർ/എയ്ഡഡ് കോളേജികളിലെ സ്ഥിര നിയമനം ഉള്ളവർക്കും മാത്രമാണ് നിലവിൽ സർവ്വകലാശാല റിസർച്ച് ഗൈഡുമാരായി അംഗീകാരം നൽകുന്നത്. സർവ്വകലാശാലയുടെ അധികാര പരിധിയ്ക്കു പുറത്തുള്ള അധ്യാപകർക്ക് നിലവിൽ റിസർച്ച് ഗൈഡുമാരായി അംഗീകാരം നൽകുന്നില്ല.

**ചോദ്യം: ഡോ. സജു മാത്യു**

17. എം.ജി. സർവ്വകലാശാലയുടെ കീഴിൽ അക്കാദമിക് സ്റ്റാഫ് കോളേജ് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എവിടെവരെ എത്തി? ഇതിന് എന്തെങ്കിലും തടസം ഉണ്ടോ ?

**ഉത്തരം : ഡോ. സുധാകരൻ കെ.എം., സിൻഡിക്കേറ്റ് അംഗം**

സർവ്വകലാശാല ഉത്തരവ് നമ്പർ:6192/P&D-1/1/2011/Admin, 20/10/2011 പ്രകാരം സർവ്വകലാശാലയിൽ Academic cum Administration Staff College തുടങ്ങാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിൽ Academic Staff College (Renamed as Human Resource Development Centre by UGC) തുടങ്ങുവാനുള്ള യു .ജി .സി - യുടെ അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**ഉപചോദ്യം: ഡോ. സജു മാത്യു**

ഇതിനു മുൻപുള്ള സെനറ്റ് മീറ്റിങ്ങുകളിലും ഈ ചോദ്യം ചോദിച്ചിട്ട് ഉള്ളതാണ് അടിയന്തരമായി ഇതിനൊരു തീരുമാനം ഉണ്ടാകുമോ?

**ഉപചോദ്യം: ഡോ. ജോജി അലക്സ്**

അക്കാദമിക് സ്റ്റാഫ് കോളേജ് പോലെ ലേണിംങ് സെന്ററുകൾ നമ്മുടെ സർവകലാശാലയിൽ ആരംഭിക്കുക.

Academic Staff College-ൻെറ പ്രർത്തനങ്ങളുമായി സർവ്വകലാശാല മുന്നോട്ടുപോകുന്നതാണെന്ന് **അദ്ധ്യക്ഷൻ** അറിയിച്ചു.

**ചോദ്യം: ഡോ. എ.എസ്. സുമേഷ്**

18. സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിൽ സ്ഥിര അദ്ധ്യാപക നിയമനത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ ഉദ്യോഗാർത്ഥി നൽകേണ്ടുന്ന അപേക്ഷാഫീസ് സംബന്ധിച്ച് സർവ്വകലാശാലയിൽ നിലവിലുള്ള നിയമം എന്താണ് ?

**ഉത്തരം : പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

എയ്ഡഡ് കോളേജുകളിൽ നിയമനങ്ങൾക്ക് മാനേജ്മെൻറ് നൽകുന്ന വിജ്ഞാപനങ്ങൾക്കനുസരിച്ചാണ് ഉദ്യോഗാർത്ഥി അപേക്ഷിക്കേണ്ടത്. സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ അപേക്ഷ ഫീസ് സംബന്ധിച്ച് പ്രത്യേകം പ്രതിപാദിച്ചിട്ടില്ല.

**ഉപചോദ്യം: ഡോ. ജോജി അലക്സ്**

അമിത ഫീസ് ഈടാക്കുന്ന കോളേജുകളെ നിയന്ത്രിക്കാൻ സർവകലാശാലയിൽ എന്തെങ്കിലും നിയമ പരമായ സാഹചര്യം ഉണ്ടോ?

**ഉത്തരം : പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

ഈ വിഷയം സർവകലാശാല പരിശോധിക്കുന്നതാണ്.

**ചോദ്യം: ഡോ. പി.ആർ. ബിജു**

19. വർഷങ്ങളായി മുടങ്ങി കിടക്കുന്ന അധ്യാപകരുടെ ക്വാർട്ടേഴ്സിന്റെ പണികൾ പൂർത്തീകരിച്ചു കൈമാറുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുക ?

**ഉത്തരം :ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

പ്രൊഫസ്സേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണ പ്രവർത്തനവുമായി മുന്നോട്ടു പോകുവാൻ സാധ്യമല്ല എന്ന് ബി.എസ്.എൻ.എൽ. അറിയിച്ചതിനെ തുടർന്ന് സർവ്വകലാശാല നിയമോപദേശം തേടുകയും ടി പ്രവർത്തി സംബന്ധിച്ച് സർവ്വകലാശാലയ്ക്ക് സംഭവിച്ച നഷ്ടം കണക്കാക്കുന്നതിനായി ഒരു സർട്ടിഫൈഡ് വാല്യൂവർ-നെ ചുമതലപ്പെടുത്താവുന്നതാണ് എന്ന് നിയമോപദേശകൻ ലീഗൽ ഒപ്പീനിയൻ നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർട്ടിഫൈഡ് വാല്യൂവർ-നെ ചുമതലപ്പെടുത്തുകയും രണ്ടുമാസത്തിനകം വാല്യൂവേഷൻ പൂർത്തിയാക്കണമെന്ന വ്യവസ്ഥ ചെയ്തു കൊണ്ട് വാല്യൂവറുമായി 06.01.2021-ന് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. വാല്യൂവറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം

സർവ്വകലാശാല സ്റ്റാൻഡിങ് കൗൺസിലുമായി കൂടിയാലോചിച്ച് ടി പ്രവർത്തി സംബന്ധിച്ച് ഉണ്ടായ നഷ്ടം ഈടാക്കുന്നതിനുള്ള നടപടികളും ക്വാർട്ടേഴ്സിന്റെ ബാക്കി പണികൾ സർവ്വകലാശാല എൻജിനീയറിംഗ് വിഭാഗത്തെ കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതായിരിക്കും. 11.02.2021-ന് കൂടിയ എൻജിനീയർമാരുടെ യോഗ തീരുമാനം അനുസരിച്ച് വാല്യൂവറുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ സമയപരിധി അനുസരിച്ച് വാല്യൂവേഷൻ പൂർത്തിയാക്കേണ്ടതാണ് എന്ന് വാല്യൂവർക്ക് നിർദ്ദേശം നൽകുവാനും വാല്യൂവേഷൻ പ്രവർത്തിയുടെ തൽസ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനും സർവ്വകലാശാല എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഉപചോദ്യം: ഡോ. എസ്. അനസ്**

ക്വാർട്ടേഴ്സിന്റെ പണികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത് എന്തുകൊണ്ടാണ്? ഇത് എത്രയും പെട്ടെന്ന് തീർപ്പാക്കാൻ സാധിക്കുമോ?

എത്രയും പെട്ടെന്ന് തന്നെ ക്വാർട്ടേഴ്സിന്റെ പണികൾ പൂർത്തീകരിക്കുന്നതാണെന്ന് **അദ്ധ്യക്ഷൻ** അറിയിച്ചു.

**ചോദ്യം: ഡോ. സുരേഷ് എ.**

20. എൻസിസി, എൻഎസ്എസ്, സ്പോർട്സ് തുടങ്ങിയവയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന ഡ്യൂട്ടി ലീവ് അപര്യാപ്തമാണ്. ഇത് വർധിപ്പിച്ചു നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ചോദ്യം: ഡോ. എസ്. അനസ്**

21. കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി സർവ്വകലാശാലക്ക് ലഭ്യമായ വാർഷക പദ്ധതി (Annual Plan fund) വിവരങ്ങളും അവയുടെ പ്രധാന വിനിയോഗവും ഇനം തിരിച്ച് വ്യക്തമാക്കുക?

**ഉത്തരം :ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

**Annual Plan 2016-17 – Scheme wise Utilisation**

| Sl. No. | Proposals | Utilisation (Amount in Lakh) |
|---|---|---|
| 1. | Construction of Additional Floors of the New Pareeksha Bhavan Second Phase | 800.00 |

| | | |
|---|---|---|
| | | |
| 2. | Construction of Convergence Academia Complex | 600.00 |
| 3. | Strengthening Scientific Research and Academic Programs - Scholarships and Fellowships for the research students as part of promoting the research activities | 200.00 |
| 4. | Promotion of Research equipments, Chemical, consumables for the statutory departments of the University | 100.00 |
| 5. | Starting of new post - graduate diploma in English Communication at the Centre for English Language and Communication skills (CELCS) | 10.00 |
| 6. | Faculty Development Centre(Academic and Administrative Staff College) | 80.00 |
| 7. | Campus Development Works | 90.00 |
| 8. | Environmental Monitoring and Sustainable Utilization of Vembanad Wetland Ecosystem. | 264.90 |
| Total | | **2144.90** |

**Funds Received - 2000 Lakh**

## Annual Plan 2017-18 – Scheme wise Utilization

| No | Name of Scheme | Utilisation (Rs. in lakhs) |
|---|---|---|
| 1. | Construction of Convergence Academia Complex | 600 |
| 2. | A customized building for the School of Tourism Studies- Phase II | 5.90 |

| | | |
|---|---|---|
| 3. | Strengthening Scientific Research and Academic Programs - Scholarships and Fellowships for the research students as part of promoting the research activities | 69.8359 |
| 4. | Promotion of Research: equipments, chemicals, consumables for the statutory Departments of the University and Books,<br>e-journals and Journals for the University Library | 124.79842 |
| 5. | 'Jaivam'-'Jaiva Saskaratha Abhiyaan' - Campaign for transforming Kottayam District to a '100% Literacy District in Organic Farming' and establishment of an Audio Visual Research Centre | 210.07096 |
| 6. | Academic and Administrative Staff Training Centre – Additional facilities | 12.30 |
| **Total** | **1022.90528** | |

**Funds Received - 1500 Lakh**

**Annual Plan 2018-19 – Scheme wise Utilization**

| No | Project | Utilisation (Rs. in Lakh) |
|---|---|---|
| 1. | Convergence Academia Complex | 700.00 |
| 2. | Strengthening Scientific Research and Academic Programs - Scholarships and Fellowships for the research students as part of promoting the research activities | 240.93851<br>JRF to 141 students |
| 3. | Promotion of Research: equipments, chemicals, consumables for the statutory Departments of the University and Books, e-journals and Journals for the University Library | 75.13047 |
| 4. | Exploring The Indigenous Microbiome Of Kerala For | 2.75047 |

| | | |
|---|---|---|
| | Natural And Organic Agricultural Practices- An Approach To Green Kerala | |
| 5. | UTM Firewall | 26.81925 |
| | Total | 1045.6387 |

**Expenditure for 2017-18 Annual Plan ongoing projects(e-lams)**

| No. | Project | Amount (Rs. in lakh) |
|---|---|---|
| 1 | Transfer to School of Biosciences, School of Pure and Applied Physics and School of Chemical Sciences for three approved projects | 247.82500 |
| 2 | Strengthening Scientific Research and Academic Programs - Scholarships and Fellowships for the research students as part of promoting the research activities | 42.34897<br>JRF to 61 Students |
| 3 | Promotion of Research: equipments, chemicals, consumables for the statutory Departments of the University and e-journals and Journals for the University Library | 16.27853 |
| 4 | Customised Building for School of Tourism Studies | 200 |
| | Total | 506.452 |

**Funds Received - 1559.197999 Lakh**

**Plan Utilisation during the Year 2018-19**

| No. | Item | Utilisation |
|---|---|---|
| 1. | Annual Plan 2017-18 Resumed fund | **506.45250** |
| 2. | Annual Plan 2017-18 | |

| | | |
|---|---|---|
| | e-Lams | **lakh** |
| 3. | Annual Plan 2018-19 | **1045.63870 Lakh** |
| | Total | **1552.0912 Lakh** |

**Annual Plan 2019-20-Scheme wise Utilisation**

| **No.** | **Project** | **Utilisation (Rs. in Lakhs)** |
|---|---|---|
| 1. | Strengthening Scientific Research and Academic Programmes - Scholarships and Fellowships for research students as part of promoting research activities | 245.65338 |
| 2. | Promotion of Research: equipments, chemicals, consumables for the Statutory Science Departments of the University | 149.92247 |
| 3. | Resource Development and Modernization, Books, e-journals and Journals for the University Library | 105.75173 |
| 4. | Exploring the Indigenous Microbiome of Kerala for Natural and Organic Agricultural Practices- An Approach to Green Kerala | 33.54200 |
| | Total | 534.86958 |

**Funds Received - 753.599 Lakh**

**Annual Plan 2020-21 – Scheme wise Utilization**

| | **Project** | Utilisation |
|---|---|---|

| | | (Rs. in Lakh) |
|---|---|---|
| 1 | Convergence Academia Complex – Interior Design, Procurement of Scientific Equipment | 150 |
| 2 | Promotion of Research Activities – Fellowships for Research Students | 108.2413 |
| 3 | Promotion of Research: Equipments, Chemicals, Consumables for the Statutory Departments of the University | 51.1398 |
| 4 | Resource Development of the University Library – procurement of Books, Journals and e-journals | 9.7517 |
| 6 | Exploring the Indigenous Microbiome of Kerala for Natural and Organic Agricultural Practices – An Approach to Green Kerala | 3.4752 |
| 7 | Introduction of Automated Learning and Evaluation Management System and Infrastructure facilities for Student Services in DASP | 21.80 |
| 8 | Cutomized Building for School of Tourism Studies | 4.72 |
| 9 | Digitization of Tabulation Registers | 37.2835 |
| 10. | Big Data Analysis for Flood Information Management: Early Prediction and Impact Analysis | 0.65 |
| 11. | Transfer to four Inter University Centres-IUCNN, ACESSD,IUIC,IUCSSRE | 80.00 |
| | **Total Utilization** | **467.0615** |

**Funds Received -779.82342 Lakh**

**<u>ഉപചോദ്യം: ചോദ്യം: ഡോ. എസ്. അനസ്</u>**

അലോട്ട് ചെയ്യുന്നതിനനുസരിച്ച് കൃത്യമായി ഉപയോഗിക്കാൻ സാധിക്കുന്നുണ്ടോ?

**<u>ഉത്തരം : ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം</u>**

അലോട്ട് ചെയ്യുന്നതിനനുസരിച്ച് കൃത്യമായി ഉപയോഗിക്കുന്നുണ്ട്.

**ചോദ്യം: ഡോ. ജോജി അലക്സ്**

22. സർവ്വകലാശാല കായിക വിഭാഗത്തിൽ എത്ര Coaches -ന്റെ പോസ്റ്റ് സർക്കാർ Sanction ചെയ്തിട്ടുണ്ട്? ഇപ്പോൾ എത്ര പേർ Coaches ആയി ജോലി ചെയ്യുന്നു ?

**ഉത്തരം : അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം**

സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൽ & സ്പോർട്സ് സയൻസസിൽ കോച്ചുമാരുടെ 7 സ്ഥിരം തസ്തികകൾ നിലവിലുണ്ട്. നിലവിൽ ഒരാൾ (ബാസ്കറ്റ് ബോൾ കോച്ച്) മാത്രമാണ് സ്ഥിരനിയമനത്തിലുള്ളത്. നിലവിൽ 6 കോച്ചുകളുടെ തസ്തികകൾ ഒഴിവുണ്ട്.

**ഉപചോദ്യം: ഡോ. ജോജി അലക്സ്**

6 കോച്ചുകളുടെ തസ്തിക ഒഴിവുള്ളത് നികത്തുന്നത് വേണ്ട നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം : അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം**

ഉടൻതന്നെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ചോദ്യം: ഡോ. സജു മാത്യു**

23. 2021 ഫെബ്രുവരി 8-ാം തീയതി എം.ജി. സർവ്വകലാശാലയിൽ നടന്ന 'സി.എം. അറ്റ് ക്യാമ്പസ്-നവകേരളം യുവകേരളം' പരിപാടിയുടെ ഭാഗമായി "ഇൻസ്പയർ കേരള"-യുടെ അവതാരകൻ ജി.എസ്. പ്രദീപിന് നൽകിയ പ്രതിഫലതുക എത്രയാണ് ?

**ഉത്തരം : അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം**

ഇൻസ്പയർ കേരളയുടെ വീഡിയോ നിർമ്മാണത്തിനും അവതരണത്തിനും കൂടി പ്രതിഫലമായി 50,000/- (അൻപതിനായിരം രൂപ മാത്രം) നൽകിയിട്ടുള്ളതാണ്.

**ഉപചോദ്യം: ഡോ. സജു മാത്യു**

സർക്കാരിൽ നിന്നും പ്രസ്തുത പരിപാടിക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോ?

**ഉത്തരം : അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം**

ഇല്ല, സ്പോൺസർഷിപ്പ് ഇനത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 3.5 ലക്ഷം ലഭിച്ചിട്ടുണ്ട്.

**ചോദ്യം: ശ്രീ. ജേക്കബ് സി. നൈനാൻ**

24. 2019-20, 2020-21 വർഷങ്ങളിൽ യൂണിവേഴ്സിറ്റി അനുവദിച്ച കോഴ്സുകളിൽ അനധ്യാപക തസ്തികകൾ അനുവദിക്കുമോ ?

**ഉത്തരം : അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം**

അനധ്യാപക തസ്തികകൾ അനുവദിക്കുന്നത് സർക്കാരാണ്.

**ഉപചോദ്യം: ശ്രീ. ജേക്കബ് സി. നൈനാൻ**

കഴിഞ്ഞ വർഷങ്ങളിൽ അനുവദിച്ചിട്ടുള്ളത് ഏറെക്കുറെയും ന്യൂജനറേഷൻ കോഴ്സുകളാണ്. ഇത് സംബന്ധിച്ച് സർവകലാശാല സ്റ്റാറ്റ്യൂട്ടിൽ അനധ്യാപക തസ്തികകളുടെ ക്വാളിഫിക്കേഷൻ സംബന്ധിച്ച നിർദ്ദേശം വയ്ക്കാൻ സർവകലാശാലയ്ക്ക് അധികാരമുണ്ട്, എന്നാൽ ഇതുമായി ബന്ധപ്പെട്ട ക്വാളിഫിക്കേഷൻ നിർദ്ദേശങ്ങൾ സർവകലാശാല ഇതുവരെ സർക്കാരിന് സമർപ്പിച്ചിട്ടില്ല. ഇത്തരം കോഴ്സുകളിൽ അഡ്മിനിസ്ട്രേഷൻ, മറ്റ് അനധ്യാപകരുടെ ജോലി എന്നിവ സംബന്ധിച്ച് സർവ്വകലാശാലയുടെ ധാരണ എന്താണ്?

**ഉത്തരം : അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം**

ന്യൂ ജനറേഷൻ കോഴ്സുമായി ബന്ധപ്പെട്ട ആശങ്കകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**ചോദ്യം: ശ്രീ. ഫെബു ജോർജ് മത്തായി കുറിച്ചിയത്ത്**

25. അഫിലിയേറ്റഡ് കോളേജുകളിലെ സ്റ്റാഫ് കൗൺസിൽ, ഗവേർണിംഗ് കൗൺസിൽ തെരഞ്ഞെടുപ്പുകൾ സർവ്വകലാശാല അനുശാസിക്കുന്ന നിയമം അനുസരിച്ചാണ് നടത്തുന്നത് എന്നുറപ്പ് വരുത്തുന്നതിന് നിലവിൽ എന്തു സംവിധാനമാണ് സർവ്വകലാശാലയിൽ ഉള്ളത്?

**ഉത്തരം : ഉത്തരം : പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യുന്ന കോളേജുകൾ സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടിനു വിധേയമായി പ്രവർത്തിക്കുവാൻ ബദ്ധ്യസ്ഥരാണ്. ആയതിനാൽ ടി കോളേജുകളിൽ സ്റ്റാഫ് കൗൺസിൽ രൂപീകരിക്കുവാൻ സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 23 വകുപ്പ് 20-ൽ വ്യവസ്ഥ ചെയ്യപ്പെട്ടതിൻ പ്രകാരം തെരഞ്ഞെടുപ്പ് നടത്താൻ അധികാരികൾ ബാദ്ധ്യസ്ഥരാണ്. അതു പോലെ തന്നെ പ്രസ്തുത കോളേജുകളിലെ ഗവേർണിംഗ് കൗൺസിൽ തെരഞ്ഞെടുപ്പുകൾ സ്റ്റാറ്റ്യൂട്ട് 24, 25 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടത്തുവാനും കോളേജ് അധികാരികൾ ബാദ്ധ്യസ്ഥരാണ്. കോളേജുകളിൽ മേൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നുറപ്പു വരുത്താനായി സർവ്വകലാശാലയിൽ മോണിറ്ററിംഗ് സംവിധാനം കൊണ്ടു വരുന്നതിന് നടപടികൾ ആരംഭിക്കുന്നതാണ്.

**ചോദ്യം: ഡോ. അലക്സ് മാത്യു**

26. 2020 ജൂലൈ സെഷനിൽ പി.എച്ച്.ഡി. രജിസ്ട്രേഷനുമായി അപേക്ഷിച്ചിട്ടുള്ള അപേക്ഷകരുടെ ഡോക്ടറൽ കമ്മിറ്റി എന്ന് പൂർത്തീകരിക്കാൻ സാധിക്കും?

ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ചോദ്യം: ശ്രീ. സജിത് ബാബു എസ്.**

27. സർവ്വകലാശാലയിൽ നിലവിലുള്ള ഏതെങ്കിലും തസ്തികകളിൽ നിയമനനിരോധനം നിലവിലുണ്ടോ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുക?

**ഉത്തരം : അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം**

സർവ്വകലാശാലയിൽ നിലവിലുള്ള ഒരു തസ്തികകളിലും നിയമനനിരോധനം നിലവിലില്ല. കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ 31.07.2019 വരെയുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ചോദ്യം: ശ്രീ. ജോൺ എം. ജോർജ്**

28. അവസാന വർഷ വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ പരീക്ഷാഫലത്തോടൊപ്പം പുനർ മൂല്യനിർണ്ണയ ഫലവും പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

**ഉത്തരം : ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

1,2,3,4 സെമസ്റ്റർ പരീക്ഷകളുടെ പുനർ മൂല്യനിർണ്ണയം 6-ാം സെമസ്റ്റർ പരീക്ഷാഫലത്തോടൊപ്പമോ അതിനുമുമ്പ് ആയോ പ്രസിദ്ധീകരിക്കാറുണ്ട്. 5-ാം സെമസ്റ്റർ പുനർ മൂല്യനിർണ്ണയം 6-ാം സെമസ്റ്റർ റിസൾട്ടിനു മുൻപായി പ്രസിദ്ധീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**ചോദ്യം: ശ്രീ. എ.എം. റഷീദ്**

29. റിപ്പബ്ലിക്ക് ദിന പരേഡിൽ പങ്കെടുക്കുന്ന എൻ.സി.സി./എൻ.എസ്.എസ്. വിദ്യാർത്ഥികൾക്ക് നിലവിൽ ഒരു വർഷം നഷ്ടപ്പെട്ട സാഹചര്യം ഉണ്ട്. ഇവർക്ക് പ്രത്യേകമായി പരീക്ഷ നടത്താൻ സാധിക്കുമോ?

**ഉത്തരം : ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കാലയളവിൽ നടന്നിട്ടുള്ള പരീക്ഷയിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികൾക്കായി പ്രത്യേക പരീക്ഷകൾ നിലവിൽ നടത്താറുണ്ട്.

**ചോദ്യം: ശ്രീമതി. ലേഖ ജെ.**

30. അന്തർ സർവ്വകലാശാല കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കുവാനായി ഡോ. ബിസ്മി ഗോപാല കൃഷ്ണൻ, ഡോ. കെ. ജയചന്ദ്രൻ എന്നിവരെ ഉൾപ്പെടുത്തി സിൻഡിക്കേറ്റ് കമ്മിറ്റി രൂപീകരിച്ചിരുന്നു. (2019 മാർച്ച് 30 ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ്) പ്രസ്തുത കമ്മിറ്റിയുടെ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

**ഉത്തരം : അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം**

അന്തർ സർവ്വകലാശാല കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കുവാനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ഇതേ വരെ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**ഉപചോദ്യം: ഡോ. ജോജി അലക്സ്**

ടി കമ്മറ്റി അംഗങ്ങൾ നിലവിൽ സിൻഡിക്കേറ്റ് അംഗങ്ങൾ അല്ലാത്ത സാഹചര്യത്തിൽ പഠന റിപ്പോർട്ട് സമർപ്പിക്കുവാൻ നിയമപരമായി പ്രശ്നങ്ങൾ ഉണ്ടോ? അത് സംബന്ധിച്ച് സർവ്വകലാശാലയുടെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടികൾ ഉണ്ടാകുമോ?

**ഉത്തരം : അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം**

പ്രസ്തുത കമ്മിറ്റി അംഗങ്ങൾ നിലവിൽ സിൻഡിക്കേറ്റ് അംഗങ്ങളല്ലാത്തതിനാൽ പുതിയ കമ്മിറ്റി രൂപീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**ചോദ്യം: ഡോ. സുരേഷ് എ.**

31. അധ്യാപകരുടെ പ്രമോഷൻ/ പ്ലേസ്മെന്റ് സമിതികളിൽ വിദഗ്ധരായി സർവ്വകലാശാല നിയമിക്കുന്ന അധ്യാപകർക്കായി 2018 യുജിസി റെഗുലേഷൻ സംബന്ധിച്ച് ഒരു പരിശീലന പരിപാടി സംഘടിപ്പിക്കാൻ സാധിക്കുമോ?

**ഉത്തരം :**

പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ചോദ്യം: ഡോ. പി.ആർ. ബിജു**

32. സർവ്വകലാശാലയിലെ പഠനവകുപ്പുകളിൽ നിന്നും റിട്ടയർ ചെയ്ത അധ്യാപകരുടെ ക്രമീകരിക്കപ്പെടാതെ കിടക്കുന്ന അഡ്വാൻസ് തുകയുടെ വിശദാംശങ്ങൾ നൽകുക ?

**ഉത്തരം : അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം**

| ക്രമ നം. | ഉദ്ദേശ്യം | മുൻകൂർ ലഭിച്ച ഉദ്യോഗസ്ഥന്റെ പേര് | അനുവദിച്ച തുക | ഉത്തരവ് നമ്പറും തീയതിയും |
|---|---|---|---|---|
| 1. | Purchase of furniture | Dr. I. Ibnu Saud* | ₹4,75,000/- | 1702/AII/4/2014/Admn dtd. 29.03.2014 |
| 2. | Purchase of Liquid Helium | Dr. I. Ibnu Saud* | ₹2,94,000/- | 5083/AII/4/2014/Admn dtd. 03.09.2015 |

| | | | | |
|---|---|---|---|---|
| 3. | maintenance work at the lab of the Centre | Dr. Sabu Thomas* | ₹1,07,000/- | 1588/AVII/1/CNN/2012/Admn. dtd. 30.03.2012 |
| 4. | Conduct of Nano Bio - 2014 : International Conference | Dr. Sabu Thomas* | ₹1,50,000/- | 3407/AII/4/2014/Admn dtd.03.07.2014 |
| 5. | Purchase of Air Conditioner | Dr. Sabu Thomas* | ₹2,00,000/- | 1412/Ad.AII(4)/2014/Admn dtd.17.03.2014 |
| 6. | TA/DA for attending interference meeting of UGC. | Dr. Sabu Thomas* | ₹60,000/- | 3462/AII/4/2015/Admn dtd.17.06.2015 |
| 7. | Purchase of various items to IIUCNN | Dr. Sabu Thomas* | ₹5,00,000/- | 1789/AII/4/2015/Admn dtd.30.03.2015 |
| 8. | Purchase of 20 KVA UPS for IIUCNN | Dr. Sabu Thomas* | ₹3,00,000/- | 1799/AII/4/2015/Admn dtd.30.03.2015 |
| 9. | Pre-conference workshop on Microscopy | Dr. Sabu Thomas* | 2,00,000/- | 5984/AII/4/2015/Admn dtd.05.10.2015 |
| 10. | Payment of fellowship to Project Staff. | Dr. Sabu Thomas* | ₹3,00,000/- | 1662/AII(4)/2016/Admn dtd. 18.03.2016. |
| 11. | International Conference - ICAPM 2017 | Dr. Sabu Thomas* | ₹1,00,000/- | 1768/AII/4/2017/ഭരി dtd. 25.03.2017 |
| 12. | Panel discussion - Rajya Sabha TV | Dr. K.M. Seethi | ₹12,000/- | 4748/AII(3)/2013/Admn dtd 03.09.2013. |
| 13. | Young Scholars Regional Conference. | Dr. K.M. Seethi | ₹1,00,000/- | 1220/AII(4)/2014/Admn dtd 06.03.2014. |
| 14. | Publication of International Journal. | Dr. K.M. Seethi | ₹1,25,000/- | 1339/AII/4/2014/Admn dtd 12.03.2014. |

*Dr. Sabu Thomas, Dr. I. Ibnu Saud എന്നിവരുടെ അഡ്വാൻസ് തുക ക്രമീകരിക്കുന്നതിനുള്ള രേഖകൾ എല്ലാം സർവ്വകലാശാലയിൽ സമർപ്പിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയായി വരുന്നു.

**ചോദ്യം: ഡോ. അലക്സ് മാത്യൂ**

33. 2010 -2016 കാലഘട്ടത്തിൽ പരീക്ഷ മൂല്യ നിർണ്ണയത്തിന്റെ പേരിൽ അധികം കൈപ്പറ്റിയ തുക കണക്കാക്കിയപ്പോൾ ശമ്പള രഹിത അവധി, എഫ്.ഡി.പി. ഡെപ്യൂട്ടേഷൻ, മെറ്റേർണിറ്റി ലീവ് ഇവ കണക്കിലെടുത്താണോ സർവ്വകലാശാല കോളേജ് വിദ്യാഭ്യാസ വകുപ്പിന് കണക്ക് സമർപ്പിച്ചിട്ടുള്ളത്?

അവതാരകൻ സഭയിൽ ഹാജരാകാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ചോദ്യം: ഡോ. ജോജി ജോൺ പണിക്കർ**

34. 2020-21 അധ്യയന വർഷത്തിൽ എം.ജി. സർവ്വകലാശാലയിൽ ബിരുദ ബിരുദാനന്തര ഗവേഷണ വിദ്യാർത്ഥികളുടെ ഏതെങ്കിലും ഫീസ് അല്ലെങ്കിൽ ഫൈൻ വർധിപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം?

**ഉത്തരം :ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

ഉണ്ട്.

a.) ഗവേഷക വിദ്യാർത്ഥികളുടെ പ്രബന്ധ പരിശോധനയ്ക്കുള്ള "Adjudication fee" താഴെപറയും വിധം പരിഷ്കരിച്ചിട്ടുണ്ട്.

| ഇനം | നമ്പർ 6671/AC A 1/2019/എം.ജി.യു.തീയതി 26.12.2019 പ്രകാരം നിലവിലുണ്ടായിരുന്ന തുക | നമ്പർ 6101/AC A 1/2020/എം.ജി.യു. തീയതി 31.12.2020 പ്രകാരം പരിഷ്കരിച്ച ശേഷമുള്ള തുക |
|---|---|---|
| Fee for Adjudication of Ph.D Thesis | Rs.5250/- | Rs.9,450/- |

b.) സർവ്വകലാശാലാ ഉത്തരവ് നമ്പർ 1299/AC A10/2020/MGU തീയതി 06.03.2020 പ്രകാരം പിഎച്ച്.ഡി. പ്രോഗ്രാമുകളുടെ കോഴ്സ് വർക്കിന് നാലാമതായി ഒരു പേപ്പർ ("Research and Publication Ethics")കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവാകുകയും,തുടർന്ന് കോഴ്സ് വർക്ക് പരീക്ഷാ ഫീസ് താഴെപറയുംവിധം പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

| ഇനം | നമ്പർ 6671/AC A 1/2019/എം.ജി.യു. തീയതി 26.12.2019 പ്രകാരം നിലവിലുണ്ടായിരുന്ന തുക | നമ്പർ 1033/AC A 1/2021/എം.ജി.യു. തീയതി 17.02.2021 പ്രകാരം പരിഷ്കരിച്ച ശേഷമുള്ള തുക |
|---|---|---|
| Course Work Exam(all papers)<br>a. Full Time<br>b. Part Time | <br><br>1525<br>2625 | <br><br>2055<br>3400 |

**ഉപചോദ്യം: ശ്രീ. വിജീഷ് വി,**

മഹാത്മഗാന്ധി സർവ്വകലാശാല ഗവേഷണവുമായി ബന്ധപ്പെട്ട് അഡ്ജൂഡിക്കേഷൻ ഫീസ് ഇരട്ടിയായി വർദ്ധിപ്പിച്ചു. വിദ്യാർത്ഥിവിരുദ്ധമായ ഈ തീരുമാനം സർവ്വകലാശാല പിൻവലിക്കേണ്ടതാണ്.

**ഉത്തരം :ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

മറ്റ് സർവ്വകലാശാലകളുമായി താരതമ്യം ചെയ്യുമ്പോൾ എം.ജി. സർവ്വകലാശാലയുടെ അഡ്ജൂഡിക്കേഷൻ ഫീസ് കുറവാണ്. ഫീസ് കാലാനുസൃതമായി വർദ്ധിപ്പിച്ചില്ലെങ്കിൽ തിസ്സീസ് വാല്യൂ ചെയ്തു കിട്ടാൻ കാലതാമസം ഉണ്ടാകുകയും അത് വിദ്യാർത്ഥിവിരുദ്ധമാകുകയും ചെയ്യും. ഇത്തരം ഒരു സാഹചര്യത്തിലാണ് സർവ്വകലാശാല ഫീസ് ഉയർത്തിയത്.

**ചോദ്യം: ശ്രീ. ജോൺ എം. ജോർജ്**

35. സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലെ അധ്യാപകരുടെ "Teachers Portal" ഒടുവിൽ പരിഷ്കരിച്ചതെന്നാണ്? ഇത് സമയാസമയം പുതുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം : ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപക പോർട്ടൽ നിലവിൽ വന്ന ശേഷം അതിൽ മാറ്റങ്ങൾ ഒന്നും വരുത്തിയിട്ടില്ല. നിലവിലുള്ള അദ്ധ്യാപക പോർട്ടലിലെ സങ്കീർണ്ണത ഒഴിവാക്കി കുറച്ചുകൂടി സൗകര്യപ്രദമായ രീതിയിൽ തയ്യാറാക്കുന്നതിനായി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**ചോദ്യം: ഡോ. ഇമ്മാനുവൽ എ.ജെ.**

36. സർവ്വകലാശാലയിൽ പി.എസ്.സി. വഴി 2016 മുതൽ നിയമിതരായ അസിസ്റ്റന്റ്/ കമ്പ്യൂട്ടർ തസ്തികയിലുള്ള ജീവനക്കാരുടെ നിർബന്ധിത പോലീസ് വെരിഫിക്കേഷനെ തുടർന്ന് 'നിയമനത്തിന് അർഹതയില്ല' എന്ന് രേഖപ്പെടുത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ? പ്രസ്തുത ജീവനക്കാരുടെ വിശദാംശങ്ങളും അതിൽ സർവ്വകലാശാല സ്വീകരിച്ച തുടർ നടപടിയും വ്യക്തമാക്കുക?

**ഉത്തരം : അഡ്വ. പി. ഷാനവാസ്, സിൻഡിക്കേറ്റ് അംഗം**

ഉണ്ട്, ശ്രീ. ഷാൻ എസ്. 'നിയമനത്തിന് അർഹനല്ല' എന്ന റിപ്പോർട്ട് ലഭിച്ചരുന്നു.കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അസിസ്റ്റൻറ് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. ഷാൻ എസ്.-ന് എതിരെ ക്രിമിനൽ കേസുകൾ നിലവിൽ ഉള്ളതിനാൽ, ടി യാൻ നിയമനത്തിന് അനുയോജ്യനല്ല എന്ന് വെരിഫിക്കേഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 27.04.2018 തീയതിയിലെ ആറ്റിങ്ങൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് 1 കോടതി ഉത്തരവ് പ്രകാരം ടിയാനെ കേസുകളിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ ടിയാനെ സംബന്ധിച്ച revised പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി യാൻെറ Probation കാലാവധി പൂർത്തീകരിച്ച് ഉത്തരവായിട്ടില്ല.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സർവ്വകലാശാലയിൽ 2016 മുതൽ നാളിതുവരെ നിയമിതരായ കമ്പ്യൂട്ടർ അസിസ്റ്റൻറ് ഗ്രേഡ് II ൽ ആരുടേയും പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകളിൽ 'നിയമനത്തിന് അർഹതയില്ല' എന്ന് രേഖപ്പെടുത്തിയിട്ടില്ല.

**ചോദ്യം: ശ്രീ. എ.എം. റഷീദ്**

37. റാങ്ക് നേടുന്ന അവസാന വർഷ ബിരുദ വിദ്യാർത്ഥികളുടെ റാങ്ക് സർട്ടിഫിക്കറ്റ് യഥാസമയം നൽകാൻ കഴിയാത്തതിനാൽ യുജിസി മുതലായ ഏജൻസികൾ നൽകുന്ന സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികൾക്ക് പ്രയാസം ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് സർവ്വകലാശാല എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം : ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

ആറാം സെമസ്റ്റർ ഫലം പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം ഇതുവരെ പ്രസിദ്ധീകരിച്ച കഴിഞ്ഞിട്ടുള്ള റെഗുലർ ബെറ്റെർമെന്റ് പുനർമൂല്യനിർണയ മാർക്കുകളുടെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ റാങ്ക്/ പൊസിഷൻ ലിസ്റ്റ് തയ്യാറാക്കുന്നുണ്ട്. പ്രസ്തുത ലിസ്റ്റിലുള്ള അപേക്ഷകരായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കുന്ന അതേദിവസം പ്രൊഫഷണൽ റാങ്ക്/ പൊസിഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഫൈനൽ റാങ്ക്/പൊസിഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കുമ്പോൾ എല്ലാ വിദ്യാർത്ഥികളുടേയും ഒന്നു മുതൽ ആറുവരെയുള്ള എല്ലാ റെഗുലർ, ബെറ്റെർമെന്റ് പുനർമൂല്യനിർണയം മാർക്ക് ഉൾപ്പെടുത്തേണ്ടതായിട്ടുള്ളതിനാൽ പ്രസ്തുത ഫലം പ്രസിദ്ധീകരണം പൂർത്തിയാക്കിയശേഷം മാത്രമേ ഫൈനൽ റാങ്ക്/ പൊസിഷൻ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ.

**ചോദ്യം: പ്രൊഫ. ഡോ. സിബി സക്കറിയാസ്**

38. How many foreign students are in Mahatma Gandhi University? Provide breakup by statutory Departments and Colleges. Is there any cut off for number of foreign students in each department/ school of statutory Department and Colleges.

**ഉത്തരം : ഉത്തരം : പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

| No. | Foreign Students in Departments/Colleges | Number of Students |
|---|---|---|
| 1 | Foreign students in Mahatma Gandhi University- | 57 |
| 2 | Departments | 34 |
| 3 | Colleges | 23 |

Cut off number of foreign students in department- 20% in each Course
Cut off number of foreign students in schools – 10 % in each Course

**ഉപചോദ്യം: പ്രൊഫ. ഡോ. സിബി സക്കറിയാസ്**

വിദേശവിദ്യാർത്ഥികൾക്ക് എം.ജി. സർവ്വകലാശാലയിൽ പ്രത്യേക ഹോസ്റ്റൽ സംവിധാനം നിലവിലുണ്ടോ?

**ഉത്തരം : പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

വിദേശവിദ്യാർത്ഥികൾക്ക് പ്രത്യേക ഹോസ്റ്റൽ സംവിധാനം നിലവിലില്ല.

**ചോദ്യം: ഡോ. ആംസ്റ്റോങ്ങ് സെബാസ്റ്റ്യൻ**

39. വിദ്യാർത്ഥികൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ, സ്കോളർഷിപ്പുകൾ എന്നിവ ഡി എസ് എസ് എന്തുകൊണ്ടാണ് അഫിലിയേറ്റഡ് കോളേജുകളിലേക്ക് സർക്കുലർ മുഖാന്തരം അറിയിക്കാത്തത്?

**ഉത്തരം : പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

വിദ്യാർത്ഥികൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ, സ്കോളർഷിപ്പുകൾ എന്നിവ സർവ്വകലാശാല വാർത്തകളിലും സർവ്വകലാശാല വെബ് സൈറ്റിൽ Press Release ആയും എല്ലാ വർഷവും കൊടുക്കാറുണ്ട്. ഇത്തവണയും അത് ചെയ്തിട്ടുണ്ട്.

**ചോദ്യം: ഡോ. വിനു. റ്റി.പി.**

40. അഫിലിയേറ്റഡ് കോളേജുകളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയിലേയും മറ്റ് ഗവേഷണ കേന്ദ്രങ്ങളിലേയും ലൈബ്രറി സൗകര്യം ഉപയോഗിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള നെറ്റ്‌വർക്ക് സംവിധാനം സർവ്വകലാശാല തലത്തിൽ സജ്ജമാക്കിയിട്ടുണ്ടോ ?

**ഉത്തരം : ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

i. കേരളത്തിലെ സർവ്വകലാശാല ലൈബ്രറികളെ പരസ്പരം ബന്ധിപ്പിക്കാനും, വിവര ശേഖരം കേരളത്തിലെ അക്കാദമിക സമൂഹത്തിനു ലഭ്യമാക്കാനുമായി KALNET (Kerala Academic Library Network) എന്നൊരു സംരംഭം കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി ഒരു യൂണിയൻ കാറ്റലോഗ് ഈ നെറ്റ് വർക്കിൽ ലഭ്യമാക്കിയിട്ടുണ്ട്, (വെബ് മേൽവിലാസം, http://103.135.131.71/vufind)

ii. മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയിൽ ലഭ്യമായ ഇലക്ട്രോണിക് റിസോഴ്സുകൾ, INFED (Indian Access Management Federation) എന്ന സംവിധാനത്തിലൂടെ മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയിൽ അംഗമായിട്ടുള്ള ഗവേഷകർക്കു ക്യാമ്പസിൽ വരാതെ ഉപയോഗിക്കാനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഈ സേവനം ഉപയോഗിക്കാൻ നിലവിലെ അംഗങ്ങൾ അപേക്ഷ നൽകിയാൽ ലഭ്യമാക്കുന്നതാണ്. ഇതിനുള്ള അപേക്ഷ ലൈബ്രറി വെബ്സൈറ്റിൽ ലഭ്യമാണ്.(library.mgu.dc.in)

**ഉപചോദ്യം: ഡോ. വിനു. റ്റി.പി.**

ഈ ഓൺലൈൻ സംവിധാനം എല്ലാ കോളേജിലേയും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഉപയോഗിക്കുവാൻ സാധിക്കുമോ ?

**ഉത്തരം :ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

സർവ്വകലാശാലയിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

സമയപരിധി അവസാനിച്ചതിനാൽ ചോദ്യോത്തരവേള അവസാനിച്ചതായി അദ്ധ്യക്ഷൻ അറിയിച്ചു, തുടർന്ന് അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനും സഭയുടെ പിൻതുണനേടുന്നതിനുമായി ഡോ. ജോജി അലക്സിനെ ക്ഷണിച്ചു.

സഭയുടെ പിൻതുണ ലഭിക്കുകയും അടിയന്തിരപ്രമേയം അവതരിപ്പിക്കുകയും ചെയ്തു.

**അടിയന്തിരപ്രമേയം** -

**അവതാരകൻ : ഡോ. ജോജി അലക്സ്**

**വേണ്ടത്ര കൂടിയാലോചനകളില്ലാതെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് (ABC) സംവിധാനത്തിൽ നിന്നും യു.ജി.സി. പിന്തിരിയണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.**

ഉന്നതവിദ്യാഭ്യാസരംഗത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന ഒരു നിർദ്ദേശമാണ് അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് (ABC). കോവിഡിന്റെ മറവിൽ വേണ്ടത്ര കൂടിയാലോചനകളില്ലാതെ, ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചും പാർലമെന്റിനെ നോക്കുകുത്തിയാക്കിക്കൊണ്ടും ഈ രാജ്യത്ത് പുത്തൻ വിദ്യാഭ്യാസനയം നടപ്പിലാക്കുവാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്.

ഒരു വിദ്യാർത്ഥി രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിവേഴ്സിറ്റിയിൽ നിന്നും 50 ശതമാനം ക്രെഡിറ്റ് നേടിയതിനുശേഷം ബാക്കി ക്രെഡിറ്റുകൾ ഏതെങ്കിലും സ്ഥാപനങ്ങളിലോ കോളേജുകളിൽ നിന്നോ ഏതു രീതിയിലും തനത് ഡിഗ്രി നേടിയെടുക്കുവാൻ സാധിക്കും എന്നൊരു സാഹചര്യമാണ് കേന്ദ്രസർക്കാർ ഒരുക്കിക്കൊടുക്കുന്നത്. അമേരിക്ക പോലുള്ള വികസിത രാജ്യങ്ങളിൽ ഈ സംവിധാനം നിലവിലുണ്ട് എന്ന ആമുഖത്തോടു കൂടിയാണ് കേന്ദ്രസർക്കാർ ഈയൊരു സമ്പ്രദായവുമായി മുന്നോട്ടുപോകുന്നത്. ഇത്തരം വിദ്യാഭ്യാസ നയങ്ങൾ നമ്മുടെ രാജ്യത്ത് നടപ്പിലാക്കാൻ വേണ്ടി നമ്മുടെ രാജ്യം അത്രകണ്ട് പുരോഗമിച്ചിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ ഒരു പദ്ധതി കൊണ്ടു വരുമ്പോൾ കുത്തകകൾക്ക് കടന്നുവരാനുള്ള വാതായനം തുറന്നു കൊടുക്കുന്ന ഒരു സമീപനമാണ് കേന്ദ്രസർക്കാർ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്.

ജനിക്കുന്നതിനു മുമ്പ് തന്നെ ശ്രേഷ്ഠ സർവ്വകലാശാല പദവി നേടിയെടുത്ത ജിയോ യൂണിവേഴ്സിറ്റി പോലെയും, മറ്റ് വിദേശ സർവ്വകലാശാലകൾക്ക് ഇന്ത്യയിലേക്ക് യഥേഷ്ടം കടന്നു വരുവാനും അവരുടെ കോഴ്സുകൾ ഇവിടെ ആരംഭിക്കുവാനും കേന്ദ്രസർക്കാർ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ മറവിൽ മൗനാനുവാദം നൽകുന്നു. അതാത് സർവകലാശാലകളുടെ കരിക്കുലം ഡിഫൈൻ ചെയ്യുന്നതിനുള്ള എക്സിക്യൂട്ടീവ് അധികാരം സർവകലാശാലകൾക്കാണ്. ഇത്തരം സംവിധാനങ്ങളിലേക്കുള്ള ഒരു നുഴഞ്ഞുകയറ്റം ആണ് അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് പോലുള്ള സംവിധാനങ്ങളിലൂടെ കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നത്.

നമ്മുടെ പാഠഭാഗങ്ങൾ നമ്മുടെ ദേശത്തിന്റെയും അതാത് ജീവിത സാഹചര്യത്തിനും അനുസൃതമായി ഉണ്ടാക്കിയെടുക്കുന്നവയാണ്. ഇത് സംരക്ഷിക്കുവാനും ഇത്തരം കുബുദ്ധികൾക്ക് എതിരെ പോരാടുവാനും ശക്തിയുള്ള ആളുകൾ അധിവസിക്കുന്നത് ഇന്ത്യയിലെ സർവ്വകലാശാല ക്യാമ്പസുകളിൽ ആണ്. അതുകൊണ്ട് തന്നെയാണ് ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലും ജെ.എൻ.യു. സർവ്വകലാശാലയിലും വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്തു നീക്കുവാൻ സൈന്യത്തെ വരെ ഉപയോഗിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറായത്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനും ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബായി കേരളത്തെ മാറ്റുവാനുമാണ് സംസ്ഥാന

സർക്കാർ ശ്രമിക്കുന്നത്. പൊതുവിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ അഞ്ചു വർഷത്തിൽ കേരളത്തിൽ ഉണ്ടായത് വിപ്ലവകരമായ മാറ്റങ്ങളാണ്, അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നും പൊതു വിദ്യാലയങ്ങളിലേക്ക് ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ ഒഴുകിയെത്തി. സ്മാർട്ട് ക്ലാസ് റൂമുകൾ, കമ്പ്യൂട്ടർ ഫെസിലിറ്റികൾ, രാജ്യത്തിനുതന്നെ മാതൃകയായ ഓൺലൈൻ ക്ലാസുകൾ, എന്നിങ്ങനെ സംസ്ഥാന വിദ്യാഭ്യാസരംഗം പുരോഗതിയിലേയ്ക്ക് കുതിക്കുമ്പോൾ ഇത്തരം വിദ്യാഭ്യാസനയങ്ങൾ ആഘാതം ഉണ്ടാക്കുന്നു. ആയതിനാൽ വേണ്ടത്ര കൂടിയാലോചനകളില്ലാതെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് (ABC) സംവിധാനത്തിൽ നിന്നും യു.ജി.സി. പിന്തിരിയണമെന്ന് ഈ യോഗം ശക്തമായി ആവശ്യപ്പെടുന്നു.

**<u>ശ്രീമതി. ലേഖ ജെ.</u>**

അമേരിക്കൻ മോഡൽ വിദ്യാഭ്യാസ സമ്പ്രദായം ഇന്ത്യയിൽ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ വേണ്ടത്ര കൂടിയാലോചനകളില്ലാതെ അവതരിപ്പിക്കപ്പെട്ട ഒന്നാണ് മൂന്നാം ദേശീയ വിദ്യാഭ്യാസ നയം. പൊതു മേഖലയെ തകർത്തുകൊണ്ട് സ്വകാര്യമേഖലയെ മെച്ചപ്പെടുത്തുവാനുള്ള രീതിയിൽ വിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. വിദ്യാഭ്യാസം പാവപ്പെട്ടവർക്ക് അന്യമാക്കുകയും സർവ്വകലാശാല സമ്പ്രദായങ്ങളെ തകർക്കുകയും ചെയ്യുന്ന ഈ വിദ്യാഭ്യാസ നയം പിൻവലിക്കണമെന്ന് യോഗം ആവശ്യപ്പെടുന്നതിനോടൊപ്പം പ്രമേയത്തെ പിൻതാങ്ങുന്നതായും അറിയിച്ചു.

**II. സിൻഡിക്കേറ്റും വൈസ് ചാൻസലറും അവതരിപ്പിക്കുന്ന വിഷയങ്ങൾ.**

1. വാർഷിക റിപ്പോർട്ട് -2020
2. വാർഷിക അകൗണ്ട്സ് & ഓഡിറ്റ് റിപ്പോർട്ട് 2018-19
3. ഫിനാൻഷ്യൽ എസ്റ്റിമേറ്റ് 2021-22
4. സിൻഡിക്കേറ്റും വൈസ് ചാൻസലറും അവതരിപ്പിച്ച ഇതര വിഷയങ്ങൾ

**As per statutes 9(7) Chapter 23 of MahatmaGandhi University statutes 1997 the matter of granting of affiliation to a new College or new course shall be reported to the Senate at its next meeting. Hence it is reported following New College/ Courses have been granted affiliation by the University after the last meeting of the senate held on 09.06.2020.**

**<u>New College</u>**

| Sl. No. | College |
|---|---|
| 1 | College of Applied Sciences, Ayiroor,Pathanamthitta<br><br>UO.No.4044/AC A 7/2020/MGU., dated,14.09.2020) |

## New Courses

| Sl. No. | College | Name of Programme &Intake |
|---|---|---|
| 1 | Arafa College of Arts & Science, Pezhakkappilly, Muvattupuzha | 1. B.Com. Model II Logistics Management (40)<br>2. MA English (20) |
| 2 | Al Azhar College of Arts & Science, Perumpillichira, Thodupuzha. | 1. M.Sc Physics (12)<br>2. B.Sc. Geology and Water Management Model III (24)<br>3. B.Com. Model I Co-operation. ( Permanent seat increase from 40 to 60) |
| 3 | Aman College of Science & Technology, Paippad, Changanacherry | M.Com Finance & Taxation (20) |
| 4 | Ayyappa Institute of Management Studies, Peerumade, Idukki | 1. M.A Cinema & Television (20)<br>2. B.A Multimedia (40) |
| 5 | Bishop Vayalil Memorial Holy Cross College,Cherpunkal.PO, Pala,Kottayam | 1. BCA (Additional Batch) (40)<br>2. BSW (40) |
| 6 | Bharata Mata College of Commerce & Arts, Chunangamvely, Aluva, Ernakulam. | 1. M.Com. Finance & Taxation (20)<br>2. BSW (40) |
| 7 | Christ College, Puliyanmala, Kattappana, Idukki | 1. B.Com Model I Co-operation (40)<br>2. MA English (20) |
| 8 | Cochin Arts & Science College, Manakkakadavu,Ernakulam | 1. B.Sc Psychology Model I (24)<br>2. B.Com. Model I Finance & Taxation (40) |

| | | |
|---|---|---|
| 9 | College of Applied Sciences, IHRD, Konni, Pathanamthitta. | M.Com Finance and Taxation (20) |
| 10 | College of Applied Sciences, IHRD,Kuttikkanam, Peerumedu | M.Com Finance and Taxation (20) |
| 11 | College of Applied Sciences, IHRD,Anchunadu, Sahyadri, Marayoor | M.Sc Computer Science (12) |
| 12 | College of Applied Sciences, IHRD, Puthuppally | B.Com Model I<br>Finance & Taxation<br>(40) |
| 13 | Carmelgiri College,Adimaly,Idukki. | MSW (20) |
| 14 | DC School of Management & Technology,Pullikanam,vagamon, Idukki. | 1. BCA (40)<br>2. BFT (40) |
| 15 | Devaswam Board College, Keezhoor P.O, Thalayolapparambu | MA English (20) |
| 16 | De Paul Institute of Science & Technology, Angamaly, Ernakulam. | 1. BSW(40)<br>2. BBA (40) |
| 17 | Ettumanoorappan College, Choorakulangara, Ettumanoor. | 1. BSW (40) |
| 18 | Ilahia College of Arts & Science, Pezhakkappilly.P.O, Muvattupuzha,Ernakulam | 1. M.Sc. Psychology (12)<br>2. B.Sc. Physics Model I (24) |
| 19 | Indira Gandhi College of Arts & Science,<br>Nellikuzhy. P.O, Eramalloor, Kothamangalam, Ernakulam | 1. B.Sc Food Technology & Quality Assurance (24)<br>2. B.Sc. Psychology Model l (24) |
| 20 | ILM College of Arts & Science, Methala, Perumbavoor, Ernakulam | 1. B.Sc Cyber Forensics Model III (24)<br>2. M.Com Finance & Taxation (20) |
| 21 | Jai Bharath Arts & Science College, J.B. | 1. BBA (Additional Batch) (40) |

| | | |
|---|---|---|
| | Nagar, Vengola P.O., Perumbavoor, Ernakulam | 2. B.Sc. Cyber Forensics Model III (24) |
| 22 | Jawaharlal Nehru Institute of Arts & Science Balagram P.O., Idukki | 1. B.A Visual Communication (40)<br>2. M.Sc Food Technology & Quality Assurance (12) |
| 23 | JPM Arts & Science College, Kanchiyar. P.O, Labbakkada, Kattappana, Idukki | 1. BSW (40)<br>2. MSW (20) |
| 24 | KMEA College of Arts & Science, Kuzhivelippady, Ernakulam | 1. B.A English Literature Communication and Journalism Model III Triple Main (24)<br>2. M.Com Management & Information Technology (20) |
| 25 | KMM College of Arts & Science, Thrikkakara,Ernakulam | 1. B.Sc Cyber Forensics Model III (24)<br>2. B.Com. Model II Logistics Management (40) |
| 26 | Kristu Jyoti College of Management & Technology, Chethipuzha, Kurisummood P.O, Changanacherry,Kottayam | 1. M.Sc Psychology (12)<br>2. MHRM (20) |
| 27 | Mannam Memorial NSS College, Konni, Pathanamthitta | B.Sc Physics Model II Applied Electronics (24) |
| 28 | Mar Athanasios College For Advanced Studies,Tholassery, Thiruvalla,Pathanamthitta | 1. M.A Multimedia (20)<br>2. M.Sc Food Technology and Quality Assurance (12) |
| 29 | Mar Baselios College, Adimaly P.O, Idukki | B.A Economics Model I (40) |

| | | |
|---|---|---|
| 30 | Mar Gregorios Abdul Jaleel Arts & Science College, North Paravur, Ernakulam | 1. B.Sc Mathematics (24)<br>2. B.Sc. Psychology Model I (24) |
| 31 | Mar Ivanios College for Advanced Studies, Chengaroor | BBA (40) |
| 32 | Mar Elias College, Kottappady, Ernakulam. | MTTM (20) |
| 33 | Mar Sleeva College of Arts & Science, Murickassery, Idukki | MSW (20) |
| 34 | Marygiri College of Arts & Science, Koothattukulam. | B.Sc Mathematics Model I (24) |
| 35 | M.C. Varghese College of Arts & Science, Ettumanoor, Kottayam. | 1. B.A Multimedia (40)<br>2. B.A Animation & Graphic Design (40) |
| 36 | MES College,Kochi | B.Com. Model I Travel & Tourism (40) |
| 37 | Labour India College, Marangattupilly, Meenachil, Kottayam | MSW (20) |
| 38 | MES College, Propose P.O, Erumely | 1. B.Sc Psychology Model I (24)<br>2. MA English (20) |
| 39 | MES T O Abdulla Memorial College,Kunnukara, Aluva, Ernakulam | 1. B.A English Language & Literature Model II Journalism (24)<br>2. B.Com Model lll Office Management & Secretarial Practice |
| 40 | Mount Carmel College, Karukadom P O, Kothamangalam, Ernakulam | 1. B.Sc Apparel & Fashion Design (24)<br>2. M.Sc. Mathematics (20) |
| 41 | Mount Royal College, Sooryanelli, | 1. M.Sc Food Technology & |

| | | |
|---|---|---|
| | Chinnakanal, Udumbanchola, Idukki | Quality Assurance (12)<br>2. B.Sc Food Technology & Quality Assurance (24) |
| 42 | Musaliar College of Arts & Science, Cheenkalthadom, Malayalappuzha, Pathanamthitta | 1. M.Com Management & Information Technology (20)<br>2. B.Com Model II Logistics Management (40) |
| 43 | Marian International Institute of Management, Kuttikkanam | MBA (Additional Batch) 60 |
| 44 | Ave Stella Maris College,Ramangalam P.O., Ernakulam | B.Sc. Hotel Management & Culinary Arts (24) |
| 45 | Parumala Mar Gregorios College, Valanjavattom, Thiruvalla,Pathanamthitta | 1. B.Sc Psychology Model I (24)<br>2. B.Com Model II Finance & Taxation (40) |
| 46 | Rajagiri College of Management & Applied Sciences, Rajagiri Valley P.O, Kakkanad, Kochi, Ernakulam | M.A Graphic Design (20) |
| 47 | R Sankar Smaraka Sree Narayana College, Nedumkunnam | M.Com Finance and Taxation (20) |
| 48 | Saintgits College of Applied Sciences, Pathamuttom P.O,Kottayam | 1. B.Sc Psychology Model I (24)<br>2. M.Sc Artificial Intelligence (12) |
| 49 | Sanjo College of Management and Advanced Studies (SCMAS), Mullakkanam, Rajakkad, Idukki | 1. B.Com Model I Finance & Taxation (40)<br>2. BSW (40) |
| 50 | Santhigiri College of Computer Sciences, Vazhithala P.O, Thodupuzha, Idukki | 1. .B.Sc Mathematics Model II Computer Science (24) |

| | | |
|---|---|---|
| | | 2. B.Sc. Psychology Model I (24) |
| 51 | SCMS School of Technology & Management,<br>SCMS Campus, Prathap Nagar, Muttom, Aluva, Ernakulam | 1. B.Sc Psychology Model I (24)<br>2. BBA (40) |
| 52 | School of Technology and Applied Sciences, Pullarikkunnu, Kottayam | M.Sc Artificial Intelligence (12) |
| 53 | School of Technology and Applied Sciences, Edapally, Kochi | M.Sc. Cyber Forensics (12) |
| 54 | School of Technology and Applied Sciences,Chuttipara, Pathanamthitta. | M.Sc Artificial Intelligence (12) |
| 55 | SNGIST Arts & Science College, Manakkappady, Karumalloor P O, North Paravur, Ernakulam | B.Sc Psychology Model I (24) |
| 56 | SSM College, Rajakkad, Idukki | 1. B.Sc Apparel & Fashion Design (24)<br>2. MA English (20) |
| 57 | Sree Narayana Arts & Science College, Kedamangalam, North Paravur, Ernakulam | B.Com Model I Co-operation (40) |
| 58 | Sree Narayana Guru College of Advanced Studies, Pampanar, Idukki | 1. B.A Political Science Model I (40)<br>2. B.A History, Model I (40) |
| 59 | Sree Narayana Guru College of Arts & Science, Paingottoor, Kadavoor, Kothamangalam | 1. B.Sc Cyber Forensics model III (24)<br>2. M.Com. Finance & Taxation (20) |
| 60 | St. Ann's College, Angamaly, Aluva, Ernakulam | 1. Bachelor of Fashion Technology. (40)<br>2. B.Sc Hotel Management & |

| | | |
|---|---|---|
| | | Culinary Arts (24) |
| 61 | St. Antony's College, Peerumade, Idukki | 1. .B.Sc Cyber Forensics Model III (24)<br>2. B.Sc. Mathematics Model I (24) |
| 62 | St. Joseph College of Communication, Kurisummood P.O, Changanacherry | 1. B.Com Model I Co-operation (40)<br>2. B.Com Model I Finance & Taxation (40) |
| 63 | St. Joseph's Academy of Higher Education & Research, Moolamattom, Arakkulam | 1. B.Com Model I Co-operation (Additional Batch) 40<br>2. B.Com Model II Logistics Management (40) |
| 64 | St. George College, Vazhakkulam, Muvattupuzha | BCA (40) |
| 65 | St.Kuriakose College of Management & Science, Kuruppampady, Ernakulam. | B.Sc. Psychology Model l (24) |
| 66 | St. Thomas Arts & Science College, Puthencruz, Ernakulam | B.Com Model II Finance & Taxation (Additional Batch) 40 |
| 67 | St. Thomas College, Thavalappara, Konni. | 1. MSW (20)<br>2. B.Sc. Geology Model l (24) |
| 68 | St. Thomas College of Advanced Studies, Parakkathanam, Mallappally, Pathanamthitta | 1. B.Com Model I Co-operation (40)<br>2. MSW (20) |
| 69 | St. Thomas College of Advanced Studies, Edamury, Chethakkal, Ranni | B.Com Model II Logistics Management (40) |
| 70 | Swamy Saswathikananda College,Poothotta, Ernakulam | 1. MA English (20)<br>2. M.Sc. Mathematics (12) |

| | | |
|---|---|---|
| 71 | Viswabrahmana College, Vechoochira, Pathanamthitta. | M.Sc Cyber Forensics (12) |
| 72 | Viswabharathi S N Arts & Science College, Bhajanamadom, Njeezhoor, Kottayam | B.Com Model ICo-operation (40) |
| 73 | Yeldo Mar Baselious College, Sophia Park, Kothamangalam, Ernakulam | 1. BCA (Additional Batch) 40<br>2. BA Multimedia Model III(40) |
| 74 | Al-Azhar Training College, Thodupuzha | B.Ed programme (Additional Batch) 50 |
| 75 | Bharata Mata School of Legal Studies, Aluva | LLM Programmes<br>(Commercial Law15- Criminal Law- 15) |
| 76 | Maharaja's Collge, Ernakulam | Integrated M.A. Programme in Social Science- Archaeology and Material Culture Studies (Intake-25) |
| 77 | Bharat Matha College, Trikkakkara | Integrated M.Sc Programme in Computer Science- Artifical Intelligence & Machine Learinig<br>(Intake-15) |
| 78 | Govt. College, Tripunithura | 1. M.A Economics (Intake 20) |
| 79 | Pavanatma College, Murickassery Idukki | 1. B.Voc Logistics Management (50 seats)<br>2. B.Voc animation & Graphic Designing (50 seats) |
| 80 | St. Xavier's College for women, Aluva | 1. B.Voc Accounting & Taxation (50 seats)<br>2. B.Voc Culinary Arts and |

| | | |
|---|---|---|
| | | Hospitality Management (50 seats)<br>3. B.Voc Software Quality Assurance and Quality Control (50 seats) |
| 81 | Sree Sankara Vidyapeetom College, Perumbavoor | B.Voc Touism and Hospitality management (50 seats) |
| 82 | MES College, Marampally | 1. B.Voc Tourism Administration and Hospitality (50 seats)<br>2. B.Voc Advanced Course in Multi Sports and Fitness Training (50 seats) |
| 83 | Morning Star Home Science College, Angamaly | B.Voc Applied Accounting and Taxatin (50 seats) |
| 84 | St. Paul's College, Kalamassery | 1. B.Voc Logistics Management (50 seats)<br>2. B.Voc Broadcasting and Journalism (50 seats) |
| 85 | Sree Sankara College, Kalady | B.Voc Visual Media and Film Making (50 seats) |

| Sl No | Name of the College | Sanctioned Programmes | Intake |
|---|---|---|---|
| 86 | Maharaja's College, Ernakulam (Autonomous) | MSc Geology | 12 |

| | | | |
|---|---|---|---|
| 87 | Government College, Nattakom | MSc Industrial Chemistry | 12 |
| 88 | T.M. Jacob Memorial Govt College, Manimalakunnu | MA Econometrics | 20 |
| 89 | Government College, Santhanpara, Idukki | Master in Commerce and Taxation | 20 |
| 90 | Government Arts & Science Elanthoor, Pathanamthitta | M.Com | 20 |
| 91 | Government College, Kattappana | Integrated Programme in English (5 Years) | 25 |
| 92 | St. Teresa's College, Eranakulam | 1. Integrated MA Programme in Social Sciences – Economics (5 Years)<br>2. Master of Commerce and Management | 25<br>20 |
| 93 | Bharata Matha College, Thrikkakara | MSc Space Science | 12 |
| 94 | Bishop Kurialacherry College for Women, Amalagiri | 1. M Sc Geology<br>2. Master of Commerce and Management | 12<br>20 |
| 95 | Catholicate College, Pathanamthitta | 1. MA Econometrics<br>2. Integrated MA English (5 years) | 20<br>25 |
| 96 | Mar Athanasius College, Kothamangalam | 1. Integrated M Sc Programme in Basic Sciences – Biology (5 Years)<br>2.MSc Data Analytics (2 Years) | 15<br>12 |

| | | | |
|---|---|---|---|
| 97 | MES College, Marampally | 1. M Sc Psychology<br>2. Integrated MSc Chemistry (5 Years) | 12<br>15 |
| 98 | St. Berchmans College, Changanassery | B Sc Psychology | 24 |
| 99 | Alphonsa College, Pala | M.A Econometrics | 20 |
| 100 | Assumption College, Changanacherry | 1. Master of Commerce and Management | 20 |
| 101 | B.C.M. College, Kottayam | 1. MSc Statistics (Applied Algorithms, Statistical Techniques in Data Mining, Analysis of Multi-type data, Statistical Modelling, Non-Para metric Statistics) | 12 |
| 102 | Baselios Poulose Catholicose College, Piravam | 1. Master of Commerce and Management | 20 |
| 103 | Baselius College, Kottayam | M Sc Data Analytics | 12 |
| 104 | C.M.S College, Kottayam | MA Economics | 20 |
| 105 | Devamatha College, Kuravilangad | MA Econometrics | 20 |
| 106 | Marian College, Kuttikanam | Integrated M Sc Programme in Basic Sciences – Physics (5 Years) | 15 |
| 107 | Marthoma College, Kuttapuzha, Tiruvalla | M Sc Data Analytics | 12 |
| 108 | Morning Star Home Science College, Angamali | MA Business Economics | 20 |

| | | | |
|---|---|---|---|
| 109 | Newman College, Thodupuzha | B Sc Psychology | 24 |
| 110 | Pavanatma College, Murickassery | Master of Commerce and Management | 20 |
| 111 | Rajagiri College of Social Sciences, Kalamassery | M Sc Statistics (Applied Algorithms, Statistical Techniques in Data Mining, Analysis of Multi-type data, Statistical Modelling, Non-Para metric statistics) | 12 |
| 112 | Sacred Heart College, Thevara | Integrated M Sc Programme in Computer Science – Data Science (5 Years) | 15 |
| 113 | St. Albert's College, Ernakulam | Integrated MSc Programme in Basic Sciences- Statistics (5Years) | 15 |
| 114 | St. Dominic's College, Kanjirappally | Bachelor of Financial Markets (BFM) | 40 |
| 115 | St. Joseph's College, Moolamattom | Integrated M Sc Programme in Computer Science – Data Science (5 Years) | 15 |
| 116 | St.Paul's College, Kalamassery | B.Com Model I Co-operation | 40 |
| 117 | St.Thomas College,Pala | Bachelor of Sports Management (BSM) | 40 |
| 118 | St. Aloysius College, Edathua | M.A Development Economics | 20 |
| 119 | SSV College, Perumbavoor | M Sc Computer Science (Data Analytics) | 12 |

| | | | |
|---|---|---|---|
| 120 | St. George's College, Aruvithura | Integrated MA Programme in Languages – English (5 Years) | 25 |
| 121 | St. Peter's College, Kolencherry | M.Sc Computer Science (Data Analytics) | 12 |
| 122 | St. Thomas College, Kozhenchery | M Sc Statistics (Applied Algorithms, Statistical Techniques in Data Mining, Analysis of Multi-type data, Statistical Modelling, Non-Para metric statistics) | 12 |
| 123 | St. Xavier's College for Women, Aluva | Integrated MSc Programme in Basic Sciences- Chemistry (5Years) | 15 |
| 124 | UC College, Aluva | Bachelor of Sports Management (BSM) | 40 |
| 125 | SNM College, Maliankara | Integrated M Sc Programme in Basic Sciences – Statistics (5 Years) | 15 |
| 126 | Sahodaran Ayyappan Smaraka SNDP Yogam College, Konni | M Sc Geology | 12 |
| 127 | Cochin College, Cochin | Master of Commerce and Management | 20 |
| 128 | Devaswom Board c College Thalayolaparambu | Integrated MA Programme in Languages – English (5 Years) | 25 |
| 129 | D B Pampa College, Parumala | M Sc Industrial Chemistry | 12 |
| 130 | PRDS College of Arts& Science Changanacherry | Master of Commerce and Management | 20 |

| | | | |
|---|---|---|---|
| 131 | Sree Sabareesha College Murikkumvayal, Mundakkayam | BCom Model 1 Finance and Taxation | 40 |
| 132 | Sree Sankara College, Kalady | M Sc Statistics (Applied Algorithms, Statistical Techniques in Data Mining, Analysis of Multi-type data, Statistical Modelling, Non-Para metric Statistics) | 12 |

**As per statute 14 Chapter 23 of MahatmaGandhi University statutes 1997, the matter of withdrawal or suspension of affiliation shall be placed before the Senate. Hence it is reported that the affiliation of the following colleges/courses have been withdrawn by the university after the last meeting of the senate held on 09.06.2020.**

| **Sl. No.** | **College** | **Name of Programme** |
|---|---|---|
| 1. | Pavanatma Collge, Murickaserry | B.Sc Chemistry Petrochemicals (UO.No.4316/ACA1/2020/MGU) |

മേൽ വിഷയങ്ങൾ സഭ അംഗീകരിച്ചു.

**III. സെനറ്റ് അംഗങ്ങൾ അവതരിപ്പി ച്ച വിഷയങ്ങൾ: (അംഗങ്ങൾ നൽകിയിട്ടുള്ള പ്രമേയങ്ങൾ).**

**<u>അവതാരക: ശ്രീമതി. ലേഖ ജെ.</u>**

01. സർവ്വകലാശാലയിൽ പുതുതായി നിയമിതരാകുന്ന ജീവനക്കാരിൽ അധികവും വിദൂര സ്ഥലങ്ങളിൽ നിന്നുള്ളവരാണെന്നതും ഇവിടെ ആവശ്യത്തിന് താമസസൗകര്യം ലഭ്യമല്ലെന്നതും പരിഗണിച്ച് അടിയന്തിരമായി ബാച്ചിലേഴ്സ് ക്വോർട്ടേഴ്സ് പണിയുക.

ഡോ. അനസ് എസ്., പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. എ.എം. റഷീദ്**

02. അവസാന വർഷ പരീക്ഷാഫലം പുറത്ത് വന്നതിനു ശേഷം മാത്രമേ കുട്ടികളുടെ ഗ്രേസ് മാർക്കുകൾ ചേർക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാവൂ എന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. ജോജി അലക്സ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. വിനു. റ്റി.പി.**

03. പരീക്ഷാ മാന്വൽ കാലാനുസൃതമായി പരിഷ്കരിക്കുവാൻ ഉടൻ നടപടികൾ സ്വീകരിക്കുക.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. പി. ആർ. ബിജു**

04. പഠന വകുപ്പുകളിലെ കോഴ്സുകൾക്കും അക്കാദമിക് ഗവേഷണ പ്രവർത്തനങ്ങൾക്കുമനുസരിച്ച് ആവശ്യമായ അധിക അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

ശ്രീമതി. ലേഖ ജെ., പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ആംസ്ട്രോങ്ങ് സെബാസ്റ്റ്യൻ**

05. Sharing of the research facilities and research outcome with Universities abroad on a reciprocal basis can be highly beneficial. It is requested to consider the legal impact and feasibility of such a move.

ഡോ. വിനു. റ്റി.പി. പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ഇമ്മാനുവൽ എ.ജെ**

06. ബിരുദതലത്തിൽ നിലവിലുള്ള ഇൻഡയറക്ട് ഗ്രേഡിംഗ് സമ്പ്രദായം ബിരുദാനന്തര ബിരുദ തലത്തിൽകൂടി നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ ആരും പിൻന്താങ്ങാത്തതിനാൽ പ്രമേയം പരിഗണിച്ചില്ല.

**അവതാരകൻ: ഡോ. എസ്. അനസ്**

07. സർവ്വകലാശാലയിൽ പുതുതായി തുടങ്ങിയ/തുടങ്ങുന്ന പഠനവകുപ്പുകൾക്കും കോഴ്സുകൾക്കും അത്യാവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുക.

ഡോ. ജോജി അലക്സ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. അലക്സ് മാത്യു**

08. 2020-21 അക്കാദമിക വർഷം 2021 മെയ് 31-വരെയുള്ളത് കണക്കിലെടുത്ത് സർവ്വകലാശാല

സ്പോർട്സ് ഗെയിംസ് മത്സരങ്ങൾ നാലു സോണുകളാക്കിത്തിരിച്ച് നടത്തി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ. അലക്സ് മാത്യു-വിൻെറ അസാന്നിദ്ധ്യത്തിൽ ഡോ. ജോജി അലക്സ് അദ്ധ്യക്ഷൻെറ അനുമതിയോടെ പ്രമേയം അവതരിപ്പിച്ചു. ഡോ. അജിത് ജെയിംസ് ജോസ്, പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരകൻ: ഡോ. എ. സുരേഷ്</u>**

09. കോവിഡ് പ്രതിസന്ധിയുടെ കാലത്ത് സർവ്വകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങൾ നിലച്ചുപോകാതെ സർക്കാർ ഉത്തരവുകൾക്ക്പോലും കാത്തുനിൽക്കാതെ വിദ്യാർത്ഥികൾക്ക് ആവശ്യമായ ഓൺലൈൻ ക്ലാസ്സുകൾ മാതൃകാപരമായി സംഘടിപ്പിച്ച മുഴുവൻ അധ്യാപകരേയും ഈ യോഗം അഭിനന്ദിക്കുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരക: ശ്രീമതി. ലേഖ ജെ.</u>**

10. പരീക്ഷ വിഭാഗത്തിലെ സോഫ്റ്റ് വെയർ സംവിധാനം സമഗ്രവും കുറ്റമറ്റതുമാക്കുക.

ഡോ. അജിത് ജെയിംസ് ജോസ്, പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരകൻ: ശ്രീ. എബിൻ പി.ജെ</u>**

11. ഉന്നത വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി സർവ്വകലാശാലയ്ക്ക് കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുകയും എയ്ഡഡ് കോളേജുകളിലും ഗവൺമെൻ്റ് കോളേജുകളിലും പുതിയ അധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്ത ഉന്നത വിദ്യാഭ്യാസ വകുപ്പിനേയും സംസ്ഥാന സർക്കാരിനേയും ഈ യോഗം അഭിനന്ദിക്കുന്നു.

ശ്രീ. ഫെബു ജോർജ് മത്തായി കുറിച്ചിയത്ത് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരകൻ: ഡോ. പി. ആർ. ബിജു</u>**

12. വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന അധ്യാപക ക്വാർട്ടേഴ്സിൻെറ പണി പുനഃരാരംഭിച്ച് എത്രയും വേഗത്തിൽ പൂർത്തീകരിച്ചു നൽകാനുള്ള നടപടികൾ സ്വീകരിക്കുക.

ഡോ. എസ്. അനസ്, പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരക: ഡോ. പുഷ്പ മരിയൻ</u>**

13. കോളേജുകളിൽ പ്രൊഫസർ തസ്തിക അനുവദിച്ച സർക്കാരിനെ ഈ യോഗം അഭിനന്ദിക്കുന്നു.

ഡോ. ജോജി ജോൺ പണിക്കർ, പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ജോജി ജോൺ പണിക്കർ**

14. എം.ജി. സർവ്വകലാശാല പ്രഖ്യാപിച്ച ബെഞ്ചമിൻ ബെയിലി ചെയറിൻെറ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. അജിത് ജെയിംസ് ജോസ്, പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ജീ ജി.**

15. ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട നിയമന ഉത്തരവ് അധ്യാപകർക്ക് മുൻകൂട്ടി നൽകണമെന്നും പ്രതിഫല തുക ബാങ്ക് വഴി നൽകുമ്പോൾ സെമസ്റ്ററുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഡോ. സിറിയക് ജോസ്, പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ജോൺ എം. ജോർജ്**

16. പരീക്ഷ വിജിലൻസ് സ്ക്വാഡ് അടിയന്തിരമായി പുന:സംഘടിപ്പിക്കണമെന്നും അവർക്ക് ആവശ്യമായ ദിന ബത്ത, യാത്രാബത്ത എന്നിവ തടസ്സം കൂടാതെ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. ജോജി അലക്സ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. അലക്സ് മാത്യു**

17. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും ഗവേഷണത്തിന് സർവ്വകലാശാല 15% സീറ്റുകൾ സംവരണം ചെയ്യണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ. അലക്സ് മാത്യു-വിൻെറ അസാന്യത്തിൽ ഡോ. എ.എസ്. സുമേഷ് അദ്ധ്യക്ഷൻെറ അനുമതിയോടെ പ്രമേയം അവതരിപ്പിച്ചു. ഡോ. ജോജി ജോൺ പണിക്കർ പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ആംസ്ട്രോങ്ങ് സെബാസ്റ്റ്യൻ**

18. The University can ensure parity in course contents with Universities abroad and explore chances for Twinning programs both in the campus and in the affiliated colleges. It is requested to launch this initiative.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. വിജീഷ് വി.**

19. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിലവിൽ Ph.D പ്രബന്ധ മൂല്യനിർണയത്തിന് ഒരു വർഷത്തിലധികം കാലതാമസം നേരിടുന്നുണ്ട്. യുജിസി നിയമപ്രകാരം മൂല്യനിർണ്ണയം നടത്തി ആറുമാസത്തിനുള്ളിൽ Ph.D Public viva-voce നടത്തുന്നതിനും Ph.D മൂല്യനിർണയത്തിൽ ട്രാക്കിംഗ് സിസ്റ്റം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ഡോ. ജീ ജി. പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. അജിത് ജെയിംസ് ജോസ്**

20. എം.ജി. യൂണിവേഴ്സിറ്റിക്ക് പുറത്ത് കോഴ്സ് പൂർത്തിയാക്കി, ഉപരിപഠനത്തിനോ ജോലിക്കോ വേണ്ടി കോഴ്സ് റെക്കഗ്നിഷൻ സർട്ടിഫിക്കറ്റ്/കോഴ്സ് ഇക്വലൻസി സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് യൂണിവേഴ്സിറ്റിയിൽ അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യസമയത്ത് പ്രയോജനപ്പെടും വിധം കാലതാമസം കൂടാതെ സർട്ടിഫിക്കറ്റ് ലഭിക്കാൻ സമർപ്പിക്കേണ്ട രേഖകൾ ഏതൊക്കെയാണെന്നും, പൂർണ്ണമായ രേഖകൾ നൽകിയാൽ എത്ര ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുമെന്നുമുള്ള കൃത്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കണമെന്ന് സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ഫെബു ജോർജ് മത്തായി കറിച്ചിയത്ത്, പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ഫെബു ജോർജ് മത്തായി കറിച്ചിയത്ത്**

21. കോളേജുകളിൽ അനിവാര്യമായി രൂപീകരിക്കണമെന്ന് യുജിസി നിഷ്കർഷിച്ചിട്ടുള്ള ഐസിസി (Internal Complaint Committee) എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും പ്രവർത്തനക്ഷമമാണ് എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. എബിൻ പി.ജെ., പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ഫെബു ജോർജ് മത്തായി കറിച്ചിയത്ത്**

22. അഫിലിയേറ്റഡ് കോളേജുകളുടെ പരീക്ഷകൾ കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച ചോദ്യബാങ്ക് സമ്പ്രദായം വിജയകരമായി ഏകോപിപ്പിക്കുന്ന പരീക്ഷ വിഭാഗത്തിലെ ചോദ്യബാങ്ക് സെല്ലിലെ ജീവനക്കാരെ ഈ യോഗം അഭിനന്ദിക്കുന്നു.

ശ്രീ. ജോൺ എം. ജോർജ് പ്രമേയത്തെ പിൻതാങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

അഫിലിയേറ്റഡ് കോളേജുകളുടെ പരീക്ഷകൾ കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച, ചോദ്യബാങ്ക് സമ്പ്രദായം വിജയകരമായി ഏകോപിപ്പിക്കുന്ന പരീക്ഷ വിഭാഗത്തിലെ ചോദ്യബാങ്ക് സെല്ലിലെ ജീവനക്കാരെയും ചോദ്യബാങ്ക് എൻറിച്ച് കമ്മിറ്റി അധ്യാപകരേയും ഈ യോഗം അഭിനന്ദിക്കുന്നു.

**അവതാരക: ശ്രീമതി. ലേഖ ജെ.**

23. സർവ്വകലാശാല ഹെൽത്ത് സെന്റർ കേന്ദ്രീകരിച്ച് അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ജീവനക്കാരുടേയും ആരോഗ്യപരിശോധന നടത്തി ഹെൽത്ത് കാർഡ് നൽകുകയും അവരുടെ ആരോഗ്യ സംബന്ധമായ വിവരങ്ങളുൾപ്പെടുത്തി Data Base തയ്യാറാക്കുകയും, നിശ്ചിത ഇടവേളകളിൽ തുടർ പരിശോധനകൾ നടത്തുകയും ചെയ്യുന്ന വിപുലമായ ആരോഗ്യ സുരക്ഷാസംവിധാനം ഏർപ്പെടുത്തുക.

ഡോ. പി. ആർ. ബിജു പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. അജിത് ജെയിംസ് ജോസ്**

24. രണ്ടു വർഷമായി മുടങ്ങിക്കിടക്കുന്ന യൂണിവേഴ്സിറ്റി തല എൻഎസ്എസ് അവാർഡ് വിതരണം പുന:രാരംഭിക്കണം എന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ. ആംസ്ട്രോങ്ങ് സെബാസ്റ്റ്യൻ പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. എസ്. അനസ്**

25. CAS പ്രെമോഷനു വേണ്ടി സമർപ്പിക്കപ്പെടുന്ന അദ്ധ്യാപകരുടെ അപേക്ഷകൾ യു.ജി.സി. നിഷ്കർഷിക്കുന്ന സമയത്തിനുള്ളിൽ പരിഗണിച്ചു പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

ഡോ. സിബി സക്കറിയാസ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ഇമ്മാനുവൽ എ.ജെ**

26. ബിരുദ ബിരുദാനന്തര തലത്തിലുള്ള വിവിധ വിഷയങ്ങളുടെ ക്വസ്റ്റ്യൻ ബാങ്ക് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ലഭ്യമാക്കുകയും കാലോചിതമായി പരിഷ്കരണങ്ങൾ അതിൽ വരുത്തുകയും ചെയ്യണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

ഡോ. ജീ ജി. പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. എ.എം. റഷീദ്**

27. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് പദ്ധതി ആരംഭിക്കണം എന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. ജോജി അലക്സ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ജീ ജി.**

28. എം.ജി. സർവ്വകലാശാല 2020-21 അധ്യയന വർഷം മുതൽ ബിരുദതലത്തിൽ രണ്ട് ക്രെഡിറ്റ് നൽകി നിർബന്ധിതമാക്കിയ ഓർഗാനിക് ഫാമിംഗ് എന്ന ഓൺലൈൻ കോഴ്സിന്റെ

നടത്തിപ്പുമായി ബന്ധപ്പെട്ട് അധ്യാപകർക്ക് വന്നുചേരുന്ന അധിക ജോലിഭാരം വർക്ക് ലോഡിൻെറ ഭാഗമായി കണക്കാക്കുവാൻ ഉള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. സജ്ജു മാത്യു പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. സജിത്ത് ബാബു എസ്.**

29. എംജി സർവ്വകലാശാലയിൽ ഒരു അക്കാദമിക് സ്റ്റാഫ് കോളേജിന്റെ പ്രവർത്തനം തുടങ്ങുന്നതിലേയ്ക്ക് ആവശ്യമായ ഇടപെടലുകൾ സർക്കാർ തലത്തിലും യുജിസി തലത്തിലും നടത്തണമെന്ന് ഈ സെനറ്റ് യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. സജ്ജു മാത്യു പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. എബിൻ പി.ജെ**

30. പുതിയതായി നിയമിക്കപ്പെടുന്ന അധ്യാപകരുടെ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കുന്നതിന് നിലവിൽ ഒരു വർഷമോ അതിൽ കൂടുതലോ കാലതാമസം ഉണ്ടാകുന്നു. ഇത് പരിഹരിക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. ആംസ്ട്രോങ്ങ് സെബാസ്റ്റ്യൻ പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. എ. സുരേഷ്**

31. കോവിഡ് പശ്ചാത്തലത്തിൽ ഗവേഷണ പ്രബന്ധങ്ങൾ സമർപ്പിക്കുന്നതിന് ആറു മാസത്തെ ഇളവ് നൽകിയിരുന്നത് 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. ജോജി അലക്സ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. എ.എം. റഷീദ്**

32. സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഗവേഷണ ഫെല്ലോഷിപ്പുകൾ ഉൾപ്പെടെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ അധ്യാപകർക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സർവ്വകലാശാല തലത്തിൽ ആരംഭിക്കണം എന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ജോജി അലക്സ്**

33. കോവിഡ്-19 ലോക്ഡൗണിനു ശേഷം കോളേജുകൾ തുറക്കുവാൻ സർക്കാർ ഉത്തരവിട്ടപ്പോൾ അധ്യയന സമയം സംബന്ധിച്ച് ആശയക്കുഴപ്പം ഉണ്ടായപ്പോൾ യുജിസി റെഗുലേഷൻസ് അനുസരിച്ച് കൃത്യമായി ഉത്തരവിറക്കി സർവ്വകലാശാലയുടെ സ്വയംഭരണാധികാരം കാത്തുസൂക്ഷിച്ച എം.ജി. സർവ്വകലാശാല അധികാരികളെ ഈ യോഗം അഭിനന്ദിക്കുന്നു.

ഡോ. വിനു ടി.പി. പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. അജിത് ജെയിംസ് ജോസ്**

34. സ്വാശ്രയ കോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസിന് അനുസൃതമായി സർവ്വകലാശാല പുറത്തിറക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 2021-22 അക്കാദമിക വർഷം ആരംഭിക്കുന്നതിനു മുൻപായി പൂർത്തിയാക്കി സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം എന്ന് യോഗം ആവശ്യപ്പെടുന്നു.

ഡോ. ജോജി അലക്സ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. വിനു. റ്റി.പി.**

35. കഴിഞ്ഞ ബജറ്റിൽ സർവ്വകലാശാല പ്രഖ്യാപിച്ച മികച്ച കോളേജിനുള്ള ട്രോഫിയും ക്യാഷ് അവാർഡും ഉടൻ വിതരണം ചെയ്യണമെന്ന് യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ജോൺ എം. ജോർജ്**

36. 2016 മുതൽ കേരളത്തിലെ എയ്ഡഡ്/ഗവൺമെന്റ് കോളേജുകളിലെ അധ്യാപകർക്കും സർവ്വകലാശാല അധ്യാപകർക്കും പുതുക്കിയ യുജിസി ശമ്പളപരിഷ്കരണവും അരിയറും അനുവദിച്ച ഉന്നത വിദ്യാഭ്യാസ വകുപ്പിനേയും സംസ്ഥാന സർക്കാരിനേയും ഈ യോഗം അഭിനന്ദിക്കുന്നു.

ഡോ. ജോജി അലക്സ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. സജിത്ത് ബാബു എസ്.**

37. എം.ജി. സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ ജോലി ചെയ്യുന്ന അധ്യാപകർ ഗൈഡ്ഷിപ്പ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൽ സത്വര നടപടി സ്വീകരിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ ആരും പിൻന്താങ്ങാത്തതിനാൽ പ്രമേയം പരിഗണിച്ചില്ല.

**അവതാരകൻ: ഡോ. പി. ആർ. ബിജു**

38. റിട്ടയർ ചെയ്യുന്ന അധ്യാപകർ അവരുടെ സേവന കാലയളവിൽ സ്കൂളിന്റെ വിവിധ ആവശ്യങ്ങൾക്കായി എടുത്തിട്ടുള്ള അഡ്വാൻസ് തുക ഒരു വർഷം മുമ്പെങ്കിലും ക്രമീകരിക്കുന്നതിനും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എത്രയും വേഗത്തിൽ കൊടുക്കുവാനും ഉള്ള നടപടികൾ സ്വീകരിക്കുക.

ഡോ. അനസ് എസ്. പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. എ.എസ്. സുമേഷ്**

39. ഈ അധ്യയന വർഷത്തെ യുവജനോത്സവ മത്സരങ്ങൾ നാല് സോണുകളായി നടത്തി വിജയികളെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് യോഗം

സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. ജോജി അലക്സ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. സജ്ജു മാത്യു**

40. യു.ജി. പ്രോഗ്രാമുകളിൽ നിലവിൽ നടത്തി വരുന്ന രണ്ട് ഇൻേറണൽ പരീക്ഷകൾ, കൊവിഡ് സാഹചര്യം മുൻനിർത്തി ഒന്നായി ചുരുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ അവശ്യപ്പെടുന്നു.

ഡോ. സിറിയക് ജോസ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. അലക്സ് മാത്യു**

41. സർവ്വകലാശാലയുടെ പരീക്ഷ സംബന്ധമായ സോഫ്റ്റ്‌വെയർ വിദ്യാർത്ഥി സൗഹൃദമായും ഉപയോക്താക്കൾക്ക് സൗകര്യപ്രദമായും പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

**അവതാരകൻ: ശ്രീ. സജിത്ത് ബാബു എസ്.**

42. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് അടിയന്തരമായി റിപ്പോർട്ട് ചെയ്യണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. സജ്ജു മാത്യു പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ജോജി ജോൺ പണിക്കർ**

43. 2016 യുജിസി എംഫിൽ/പിഎച്ച്ഡി റെഗുലേഷൻ എത്രയും വേഗം എംജി സർവ്വകലാശാലയിൽ നടപ്പിലാക്കണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. സിറിയക് ജോസ്**

44. എം.ജി. സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ ജോലിയിൽ പ്രവേശിച്ച അധ്യാപകരുടെ നിയമനാംഗീകാരത്തിനുള്ള ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

ഡോ. ജീ ജി. പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. എസ്. അനസ്**

45. ഗവേഷണ വിദ്യർത്ഥികൾ പി.എച്ച്.ഡി തിസിസ് സമർപ്പിച്ചുന്നതിനു ശേഷം വലിയ കാലതാമസമില്ലാതെ ഓപ്പൺ ഡിഫെൻസ് നടക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ

സ്വീകരിക്കുക.

ഡോ. ബിജു പി.ആർ. പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. സിറിയക് ജോസ്**

46. Question Bank തയ്യാറാക്കലിന്റെ ഭാഗമായി അധ്യാപകർക്ക് വേണ്ടി വിഷയാടിസ്ഥാനത്തിൽ Curriculum Workshop സംഘടിപ്പിക്കണമെന്ന് സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. ജീ ജി. പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ഫെബു ജോർജ് മത്തായി കറിച്ചിയത്ത്**

47. എയ്ഡഡ് കോളേജുകളിലെ നിയമനത്തിന് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സർക്കാർ ഏർപ്പെടുത്തിയ 4 % സംവരണം നിയമാനുസൃതമായി നടപ്പിലാക്കുന്നതിനായി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അടിയന്തരമായി ഭേദഗതി ചെയ്യണമെന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. എബിൻ പി.ജെ. പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ജോജി ജോൺ പണിക്കർ**

48. സ്വാശ്രയ കോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഓഡിനൻസ് പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിനെ ഈ യോഗം അഭിനന്ദിക്കുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. സിറിയക് ജോസ്**

49. Ph.D Open Defence വേഗത്തിലാക്കുന്നതിനായി, Synopsis സമർപ്പിക്കുമ്പോൾ തന്നെ Valuation Expert പാനലിന്റെ ലിസ്റ്റ് യൂണിവേഴ്സിറ്റി സ്വീകരിക്കുകയും തീസിസ് submit ചെയ്യുന്നതിന് മുൻപ് അവരുടെ സമ്മതം വാങ്ങിയെടുത്ത് Ph.D Valuation ത്വരിതപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സർവകലാശാലയോട് ഈ സഭ ആവശ്യപ്പെടുന്നു.

ഡോ. ജീ ജി. പ്രമേയത്തെ പിൻന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ജീ ജി.**

50. എം.ജി. സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകർക്ക് നാളിതുവരെ ലഭിക്കേണ്ട ഒന്നിലധികം സ്ഥാനക്കയറ്റങ്ങൾ ഒറ്റത്തവണയായി തീർപ്പാക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

ഡോ. സജു മാത്യു പ്രമേയത്തെ പിൻന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേതഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

"എം.ജി. സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകർക്ക് നാളിതുവരെ ലഭിക്കേണ്ട ഒന്നിലധികം സ്ഥാനക്കയറ്റങ്ങൾ തീർപ്പാക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു."

**ഡോ. എ.എസ്. സുമേഷ്**

51. എയ്ഡഡ് കോളേജ് അധ്യാപകരുടെ പ്ലേസ്മെന്റ്, പ്രമോഷൻ ഫയലുകൾ കാലതാമസം കൂടാതെ തീർപ്പു കൽപ്പിക്കുന്നതിന് ആവശ്യമായ രീതിയിൽ ക്രിയാത്മകവും അധ്യാപക സൗഹൃദവും ആയ ഇടപെടൽ നടത്തുന്ന സർവ്വകലാശാല പ്രമോഷൻ സെല്ലിലെ ജീവനക്കാരെ യോഗം അഭിനന്ദിക്കുന്നു.

ശ്രീ. ഫെബു ജോർജ് മത്തായി കുറിച്ചിയത്ത് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ആംസ്ട്രോങ്ങ് സെബാസ്റ്റ്യൻ**

52. Analysing and mapping of the Unique tropical biodiversity of Kerala with a historical perspective is imperative for the University and it is requested to launch a Centre for the same.

ശ്രീ. എബിൻ പി.ജെ. പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. എ.എസ്. സുമേഷ്**

53. സർവ്വകലാശാലയിലെ ബിരുദ കോഴ്സുകളുടെ സിലബസ് മൂന്നുവർഷം പൂർത്തിയാക്കി കഴിഞ്ഞ സാഹചര്യത്തിൽ 2021-22 അക്കാദമിക് വർഷം മുതൽ പുതിയ സിലബസ് നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രാരംഭപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കണമെന്ന് യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. ജോജി അലക്സ് പ്രമേയത്തെ പിൻതാങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

അജൻഡ പ്രകാരമുള്ള ഇനങ്ങൾ എല്ലാം പൂർത്തീകരിച്ചതിനാൽ യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തി 12.40–ന് സെനറ്റ് യോഗം പിരിയുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു.

(ഒപ്പ്)
**വൈസ് ചാൻസലർ**

(ഒപ്പ്)
**രജിസ്ട്രാർ**